2023
DECEMBER
20
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ഐപിഎൽ
# സ്റ്റാർക്ക് 24.7 കോടി

**ദുബായ്:** ഐപിഎല്ലിൻറെ ചരിത്രത്തിൽ ആദ്യമായി ഒരു ക്രിക്കറ്റ് താരത്തിനു ലഭിക്കുന്ന തുക 20 കോടിക്കു മുകളിലെത്തി, അതും ഒന്നല്ല രണ്ടുവട്ടം. ദുബായിൽ നടക്കുന്ന മിനി ലേലത്തിൽ ഓസ്ട്രേലിയൻ താരങ്ങളായ പാറ്റ് കമ്മിൻസും മിച്ചൽ സ്റ്റാർക്കുമാണ് ഈ നേട്ടം കൈവരിച്ചത്.

പാറ്റ് കമ്മിൻസിനു വേണ്ടി 20.50 കോടി രൂപയാണ് സൺറൈസേഴ്സ് ഹൈദരാബാദ് മുടക്കിയത്. ഓൾറൗണ്ടർ ടാഗിലാണ് കമ്മിൻസ് വന്നത്.അതിനു ശേഷം പേസ് ബൗളർമാരുടെ വിഭാഗത്തിൽ ഇതേ അടിസ്ഥാന വിലയിലെത്തിയ മിച്ചൽ സ്റ്റാർക്ക് ഈ റെക്കോഡ് മറികടക്കുകയായിരുന്നു. കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ഇടങ്കയ്യൻ പേസർക്കു വേണ്ടി വീശിയെറിഞ്ഞത് 24.75 കോടി രൂപ.കമ്മിൻസിൻറെ പേര് വിളിച്ചപ്പോൾ ചെന്നൈ സൂപ്പർ കിങ്സും മുംബൈ ഇന്ത്യൻസുമാണ് ലേലം വിളി തുടങ്ങിയത്. മുംബൈ പിൻമാറിയതോടെ ആർസിബി വിളി തുടങ്ങി. ഇതോടെ ചെന്നൈ വിട്ടു. ഇതോടെയായിരുന്നു സൺറൈസേഴ്സിൻറെ മാസ് എൻട്രി.

# ടെലികോം നെറ്റ്‌വർക്കുകൾ സർക്കാരിന് പിടിച്ചെടുക്കാം

## കരട് ബിൽ ലോക്സഭയിൽ അവതരിപ്പിച്ചു



**ന്യൂഡൽഹി:** പൊതുജനങ്ങളുടെ സുരക്ഷയും അടിയന്തര സാഹചര്യവും കണക്കിലെടുത്ത് ടെലികോം നെറ്റ്‌വർക്കുകൾ സർക്കാരുകൾക്ക് താൽക്കാലികമായി പിടിച്ചെടുക്കാമെന്ന് 2023ലെ ടെലി കമ്മ്യൂണിക്കേഷൻസ് കരട് ബിൽ.

കേന്ദ്ര വാർത്താവിനിമയ മന്ത്രി അശ്വിനി വൈഷ്ണവ് ലോക്സഭയിൽ അവതരിപ്പിച്ച ബിൽ ദുരന്ത നിവാരണം ഉൾപ്പെടെയുള്ള പൊതു അടിയന്തിര സാഹചര്യങ്ങൾ ഉണ്ടാകുന്ന വേളയിലോ പൊതുസുരക്ഷയുടെ താല്പര്യങ്ങൾ മുൻ നിർത്തിയോ ആണിത്.

കേന്ദ്രസർക്കാരോ സംസ്ഥാന സർക്കാരോ പ്രത്യേകം അധികാരപ്പെടുത്തിയ എതെങ്കിലും ഉദ്യോഗസ്ഥന് ഒരു അറിയിപ്പിലൂടെ ടെലികമ്യൂണിക്കേഷൻ സേവനമോ നെറ്റ്‌വർക്കോ ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്ന് താൽകാലികമായി കൈവശപ്പെടുത്താമെന്നും ബില്ലിൽ പറയുന്നു. അക്രഡിറ്റേഷനുള്ള മാധ്യമപ്രവർത്തകരുടെ സന്ദേശങ്ങൾ തടസ്സപ്പെടുത്തില്ലെന്ന് ബിൽ പറയുന്നുണ്ട്. സബ് സെക്ഷൻ (2)ലെ ക്ലോസ് (എ) ക്ലോസ് പ്രകാരം വിവരക്കൈമാറ്റം നിരോധിക്കാത്തിടത്തോളം ഇത് നിലനിൽക്കും.

പൊതുസുരക്ഷ മാനിച്ച് വ്യക്തികൾ തമ്മിൽ സന്ദേശങ്ങൾ കൈമാറുന്നത് നിർത്തിവെയ്ക്കാൻ സർക്കാരിനാകും. ടെലികോം നെറ്റ്!വർക്കുകൾ ഇങ്ങനെ നിർത്തിവെയ്ക്കാനും സർക്കാരിന് അധികാരം ലഭിക്കും. നിയമവിരുദ്ധമായി സന്ദേശങ്ങൾ തടസപ്പെടുത്തിയാൽ മൂന്ന് വർഷം വരെ തടവോ രണ്ട് കോടി രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ലഭിക്കുമെന്നും ബില്ലിൽ പറയുന്നുണ്ട്. കരട് വ്യവസ്ഥ ചെയ്യുന്നത് അനുസരിച്ച് ടെലികോം തർക്ക പരിഹാരത്തിനും അപ്പലേറ്റ് ട്രൈബ്യൂണലിനും രൂപം നൽകും. 1950 ലെ ടെലിഗ്രാഫ് വയേഴ്സ് (നിയമവിരുദ്ധമായ കൈവശം വെക്കൽ) നിയമം,1993 ലെ ഇന്ത്യൻ വയർലെസ് ടെലിഗ്രഫി ആക്ട്, 1885 ലെ ഇന്ത്യൻ ടെലിഗ്രാഫ് ആക്ട് തുടങ്ങിയവയ്ക്ക് പകരമായാണ് ഈ നിയമങ്ങളുള്ളത്. നിലവിലുള്ള നിയമങ്ങൾക്ക് ഏറെ പഴക്കമുള്ളതിനാൽ പുതിയ നിയമം വേണമെന്നാണ് സർക്കാർ ചൂണ്ടിക്കാണിക്കുന്നത്.

# സഹകരണ ഡേറ്റാബേസിന് വിവരങ്ങൾ കൈമാറാതെ കേരളം

- കേരളവും മണിപ്പൂരുമൊഴിച്ചുള്ള സംസ്ഥാനങ്ങൾ വിവരങ്ങൾ കൈമാറി
- ഭാവിയിൽ പ്രാഥമിക സഹകരണസംഘങ്ങൾവഴി നടപ്പാക്കേണ്ട കേന്ദ്രസഹായപദ്ധതികൾ ഇതുമൂലം കേരളത്തിന് നഷ്ടപ്പെടും

**ന്യൂഡൽഹി:** കേന്ദ്രസർക്കാർ തയ്യാറാക്കുന്ന സമഗ്ര സഹകരണ ഡേറ്റാ ബേസിലേക്ക് പ്രാഥമിക സഹകരണ സംഘങ്ങളുടെ വിവരം കൈമാറാതെ കേരളത്തിൻറെ കടുംപിടിത്തം.നബാർഡ് വഴിയും മറ്റുമുള്ള കേന്ദ്ര സഹകരണവായ്പാപദ്ധതികൾക്കുവേണ്ടിയാണ് കേന്ദ്രസർക്കാർ സമഗ്ര സഹകരണ ഡേറ്റാബേസ് തയ്യാറാക്കുന്നത്.ഭാവിയിൽ പ്രാഥമിക സഹകരണസംഘങ്ങൾ വഴി നടപ്പാക്കേണ്ട കേന്ദ്രസഹായ പദ്ധതികൾ ഇതുമൂലം കേരളത്തിന് നഷ്ടപ്പെട്ടേക്കും.

സഹകരണ രജിസ്ട്രാർമാർ മുഖേനയാണ് ഡേറ്റാവിവരങ്ങൾ കേന്ദ്ര ഡേറ്റാബേസിലേക്ക് കൈമാറേണ്ടത്. കേരളവും മണിപ്പൂരുമൊഴിച്ചുള്ള സംസ്ഥാനങ്ങൾ 97 ശതമാനത്തോളം വിവരങ്ങൾ കൈമാറി.

ആഭ്യന്തര പ്രശ്നങ്ങളാണ് മണിപ്പൂരിന് വിവരങ്ങൾ കൈമാറാനാകാതെ പോയതിൻറെ കാരണം. എന്നാൽ, കേരളത്തിൽ സർക്കാർ മനഃപൂർവം വിവരം കൈമാറാതെ ഇരിക്കുകയാണ്.

നേരത്തേ എതിർപ്പുയർത്തിയിരുന്ന തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ പിന്നീട് വിവരം കൈമാറുകയായിരുന്നു.

കാർഷിക, അടിസ്ഥാനസൗകര്യ വികസനപദ്ധതികൾക്കായി നബാർഡ് വഴി കൈമാറിക്കിട്ടുന്ന കേന്ദ്ര വായ്പാ ആനുകൂല്യങ്ങൾ കേന്ദ്ര സർക്കാർ നേരിട്ട് ഒറ്റക്കുടക്കീഴിലാക്കി വിതരണംചെയ്യാനുള്ള നീക്കത്തിൻറെ ഭാഗമായാണ് ഡേറ്റാബേസ് രൂപവത്കരിക്കുന്നത്.

നിലവിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ വഴിയാണ് നബാർഡ് പദ്ധതികളുടെ വിതരണം. പുതിയ സംവിധാനത്തിലേക്ക് മാറുമ്പോൾ ഡേറ്റാബേസിലെ കണക്കുകളുടെ അടിസ്ഥാനത്തിൽമാത്രമേ ധനസഹായം കിട്ടൂ.

കേരളത്തിൽനിന്ന് 6103 പ്രാഥമിക സഹകരണസംഘങ്ങളുടെ വിവരം കൈമാറിയിട്ടുണ്ട് എന്നാണ് കേന്ദ്രം കഴിഞ്ഞദിവസം പാർലമെൻറിനെ അറിയിച്ചത്. 72 വിഭാഗങ്ങളിലായി കേരളത്തിൽ 23,752 സഹകരണ സംഘങ്ങളുണ്ട്.

കേരളം സ്വന്തമായിത്തന്നെ സഹകരണസംഘങ്ങൾക്ക് ഡേറ്റാബേസ് തയ്യാറാക്കിയിട്ടുണ്ട്. അതിനുശേഷമാണിപ്പോൾ കേന്ദ്രം ഇത്തരം നീക്കവുമായി വരുന്നതെന്നും കേന്ദ്രത്തിൻറെ ഗൂഢനീക്കത്തിന് നിന്നുകൊടുക്കേണ്ടതില്ലെന്നാണ് മന്ത്രി വാസവൻ പറയുന്നത്.



# ഹ്യൂമൻ ബയോളജിക്കൽസ് ഇൻസ്റ്റിറ്റ്യൂട്ട് മബെല്ല റുബെല്ല വാക്സിൻ പുറത്തിറക്കി

**ന്യൂദൽഹി:** ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ് ലിമിറ്റഡിന്റെ (ഐഐഎൽ) ഡിവിഷനായ ഹ്യൂമൻ ബയോളജിക്കൽസ് ഇൻസ്റ്റിറ്റ്യൂട്ട് (ഒആക), തങ്ങളുടെ 25൦ വാർഷികം ആഘോഷിക്കുന്ന വേളയിൽ, മബെല്ല ഠങ (മീസിൽസ് ആൻഡ് റുബെല്ല) വാക്സിൻ പുറത്തിറക്കി.

വിയറ്റ്നാമിലെ പോളിവാക് ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് ഐഐഎൽ വികസിപ്പിച്ചെടുത്തതാണ് ഈ ലൈവ് അറ്റന്വേറ്റഡ് എംആർ വാക്സിൻ. വിപുലമായ മനുഷ്യ ക്ലിനിക്കൽ പരീക്ഷണങ്ങളിലൂടെ, മബെല്ലഠങ സുരക്ഷിതവും ഫലപ്രദവുമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

ഈ അവസരത്തിൽ സംസാരിച്ച ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ് മാനേജിംഗ് ഡയറക്ടർ ഡോ.കെ.ആനന്ദ് കുമാർ പറഞ്ഞു, ഐഐഎൽ ഇപ്പോൾ ഇന്ത്യാ ഗവൺമെന്റിന്റെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ യുഐപിയിലേക്ക് മനുഷ്യ വാക്സിനുകളുടെ ഏറ്റവും വലിയ വിതരണക്കാരിൽ ഒന്നായി ഉയർന്നു, ഐഐഎൽ ലോകമെമ്പാടുമുള്ള 50ലധികം രാജ്യങ്ങളിലേക്ക് ഗുണനിലവാരമുള്ള വാക്സിനുകൾ കയറ്റുമതി ചെയ്യുന്നു. കമ്പനി വിൽക്കുന്ന വാക്സിനുകളുടെ എണ്ണത്തേക്കാൾ രോഗ നിർമാർജനത്തിനായാണ് അറിയപ്പെടേണ്ടതുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.




ഏതാനും വർഷങ്ങൾക്കുള്ളിൽ തിരുവനന്തപുരം ജില്ലയെ പേവിഷ വിമുക്തമാക്കാൻ ഐഐഎൽ സിഎസ്ആർ പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്.

ഗുണമേന്മയുള്ള വാക്സിനുകൾ ഉൽപ്പാദിപ്പിക്കുന്നതിന് ഐഐഎൽ ആധുനിക നിർമ്മാണ രീതികൾ സ്വീകരിക്കുന്നു, കൂടാതെ ദേശീയ ആവശ്യകതകൾ നിറവേറ്റുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ഉണ്ട്. അഭയ്റാബിനായി പാരിസ്ഥിതികമായി സുസ്ഥിരമായ പാക്കേജിംഗ് നടപ്പിലാക്കിയതിലൂടെ, പ്രതിവർഷം 160 ടൺ പ്ലാസ്റ്റിക്കാണ് ഐഐഎൽ ലാഭിച്ചതെന്ന് ഐഐഎൽ ഡെപ്യൂട്ടി എംഡി ഡോ. പ്രിയബ്രത പട്നായിക് കൂട്ടിച്ചേർത്തു.

# കോവിഡിൽ ആശങ്ക വേണ്ട, സംസ്ഥാനം സുസജ്ജം: മന്ത്രി വീണാ ജോർജ്

- കോവിഡ് കണ്ടെത്തുന്ന ആശുപത്രിയിൽ തന്നെ ചികിത്സ ഉറപ്പാക്കണം
- ആരോഗ്യ വകുപ്പിന്റെ ഉന്നതതല യോഗം ചേർന്നു

**തിരുവനന്തപുരം:** സംസ്ഥാനത്ത് കോവിഡ് കേസുകൾ ചെറിയ തോതിൽ വർധിക്കുന്നുണ്ടെങ്കിലും ആശങ്ക വേണ്ടെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കോവിഡ് കേസിലുള്ള വർധനവ് നവംബർ മാസത്തിൽ തന്നെ കണ്ടിരുന്നു. അതനുസരിച്ച് മന്ത്രി തലത്തിൽ യോഗങ്ങൾ ചേർന്ന് ആരോഗ്യ വകുപ്പ് നടപടികൾ സ്വീകരിച്ചിരുന്നു. മാർഗനിർദേശങ്ങളും പുറത്തിറക്കിയിരുന്നു. സ്റ്റേറ്റ് മെഡിക്കൽ ഓഫീസർമാരുടെ കോൺഫറൻസിലും നടപടി സ്വീകരിക്കാൻ നിർദേശം നൽകിയിരുന്നു. രോഗലക്ഷണമുള്ളവർക്ക് കോവിഡ് പരിശോധന കൂടി നടത്താനും ജനിതക ശ്രേണീകരണത്തിന് വേണ്ടി സാമ്പിളുകൾ അയക്കാനും നിർദേശം നൽകിയിരുന്നു. മാത്രമല്ല ഈ മാസത്തിൽ കോവിഡ് പരിശോധന കൂട്ടുകയും ചെയ്തു. സുരക്ഷാ ഉപകരണങ്ങളും മരുന്നുകളും ആവശ്യത്തിന് സ്റ്റോക്കുണ്ട്. കൂടുതൽ സുരക്ഷാ ഉപകരണങ്ങളും പരിശോധനാ കിറ്റുകളും സജ്ജമാക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

മന്ത്രിയുടെ നേതൃത്വത്തിൽ നിലവിലെ കോവിഡ് സാഹചര്യവും ആശുപത്രി സംവിധാനവും വിലയിരുത്തി. സംസ്ഥാനത്ത് നിരീക്ഷണം കൂടുതൽ ശക്തമാക്കും. ആരോഗ്യ വകുപ്പും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും ഏകോപന പ്രവർത്തനങ്ങൾ നടത്തും. ആശുപത്രികൾ കോവിഡ് രോഗികൾക്ക് പ്രത്യേക സൗകര്യമൊരുക്കണം. ഗുരുതരമല്ലാത്ത കോവിഡ് രോഗികളെ മെഡിക്കൽ കോളേജിൽ റഫർ ചെയ്യാതെ ജില്ലകളിൽ തന്നെ ചികിത്സിക്കണം. ഇതിനായി നിശ്ചിത കിടക്കകൾ കോവിഡിനായി ജില്ലകൾ മാറ്റിവയ്ക്കണം. ഓക്സിജൻ കിടക്കകൾ, ഐസിയു, വെന്റിലേറ്റർ എന്നിവ നിലവിലുള്ള പ്ലാൻ എ, ബി അനുസരിച്ച് ഉറപ്പ് വരുത്തണം. ഡയാലിസിസ് രോഗികൾക്ക് കോവിഡ് ബാധിച്ചാൽ ഡയാലിസിസ് മുടങ്ങാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

കോവിഡ് രോഗലക്ഷണമുള്ളവർക്ക് മാത്രം കോവിഡ് പരിശോധന നടത്തുന്നതാണ് അഭികാമ്യം. ഗുരുതര രോഗമുള്ളവർ, പ്രായമായവർ, ഗർഭിണികൾ എന്നിവർക്ക് പ്രത്യേക പരിഗണന നൽകണം. കോവിഡ് പോസിറ്റീവായാൽ ചികിത്സിക്കുന്ന ആശുപത്രിയിൽ തന്നെ ചികിത്സ ഉറപ്പാക്കണം. ആശുപത്രി ജീവനക്കാരും ആശുപത്രിയിലെത്തുന്നവരും കൃത്യമായി മാസ്ക് ധരിക്കണം. ഗുരുതര രോഗമുള്ളവർ, ഗർഭിണികൾ എന്നിവരും മാസ്ക് ധരിക്കണം.

നിലവിലെ ആക്ടീവ് കേസുകളിൽ ബഹുഭൂരിപക്ഷം പേരും നേരിയ രോഗലക്ഷണങ്ങളുള്ളതിനാൽ വീടുകളിലാണുള്ളത്. മരണമടഞ്ഞവരിൽ ഒരാളൊഴികെ എല്ലാവരും 65 വയസിന് മുകളിലുള്ളവരാണ്. കൂടാതെ ഹൃദ്രോഗം, വൃക്ക സംബന്ധമായ അസുഖങ്ങൾ, പ്രമേഹം, കാൻസർ തുടങ്ങിയ ഗുരുതര അനുബന്ധ രോഗങ്ങൾ ഉള്ളവരുമായിരുന്നു. ഫലം ലഭിച്ചതിൽ ഒരു സാമ്പിളിൽ മാത്രമാണ് ജെഎൻ1 ഒമിക്രോൺ വേരിയന്റാണ് സ്ഥിരീകരിച്ചത്. ആ വ്യക്തിക്ക് രോഗം ഭേദമാകുകയും ചെയ്തു.

ആശുപത്രികളിലുള്ള ഐസൊലേഷൻ വാർഡുകൾ, റൂമുകൾ, ഓക്സിജൻ കിടക്കകൾ, ഐസിയു കിടക്കകൾ, വെന്റിലേറ്ററുകൾ എന്നിവയുടെ ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്. ഡിസംബർ 13 മുതൽ 16 വരെ ഇവയുടെ ലഭ്യത ഉറപ്പ് വരുത്താനായി 1192 സർക്കാർ, സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്തി ഓൺലൈൻ മോക് ഡ്രിൽ നടത്തി. ഓക്സിജൻ സൗകര്യം ലഭ്യമായ 1957 കിടക്കകളും, 2454 ഐസിയു കിടക്കകളും 937 വെന്റിലേറ്റർ സൗകര്യമുള്ള ഐസിയു കിടക്കകളുമുണ്ട്.

ഓൺലൈൻ വഴി ചേർന്ന യോഗത്തിൽ പ്രിൻസിപ്പൽ സെക്രട്ടറി, കെ.എം.എസ്.സി.എൽ. മാനേജിംഗ് ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ, സർവൈലൻസ് ഓഫീസർമാർ, പ്രധാന ആശുപത്രികളിലെ സൂപ്രണ്ടുമാർ തുടങ്ങിയവർ പങ്കെടുത്തു.

## യോഗ സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് ഓൺലൈനായി അപേക്ഷിക്കാം

**കൊച്ചി:** സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2024 ജനുവരി സെഷനിൽ നടത്തുന്ന യോഗ സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷകർ പത്താം ക്ലാസ്സ് പാസായിരിക്കണം. യോഗദർശനത്തിലും, യോഗാസന പ്രാണായാമ പദ്ധതികളിലും സാമാന്യജ്ഞാനം ലഭിക്കുന്ന തരത്തിലാണ് ഈ പഠന പരിപാടി ചിട്ടപ്പെടുത്തിയിട്ടുള്ളത്. പൊതു അവധി ദിവസങ്ങളിൽ സംഘടിപ്പിക്കുന്ന സമ്പർക്ക (പ്രായോഗിക പരിശീലനം) ക്ലാസ്സുകൾ, ഓരോ വിഷയത്തിലും തയ്യാറാക്കിയിട്ടുള്ള സ്വയം പഠന സഹായികൾ, നേരിട്ടും ഓൺലൈനിലുമായി നടക്കുന്ന തിയറി ക്ലാസ്സുകൾ എന്നീ മാർഗ്ഗങ്ങളിലൂടെയാണ് യോഗ പഠനം ക്രമീകരിക്കുന്നത്. എഴുത്തു പരീക്ഷകൾ, അസൈൻമെന്റുകൾ, പ്രോജക്ട്, പ്രാക്ടിക്കൽ പരീക്ഷകൾ എന്നീ മാർഗ്ഗങ്ങളിലൂടെയാണ് പ്രോഗ്രാമിന്റെ മൂല്യനിർണ്ണയം.

പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കുന്നതിന് 70 ശതമാനം ഹാജർ ഉറപ്പുവരുത്തണം. സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത പത്താം ക്ലാസ്സ് പാസ്സ് അഥവാ തത്തുല്യം. അപേക്ഷകർ 17 വയസ്സ് പൂർത്തിയാക്കിയിരിക്കണം. ഉയർന്ന പ്രായപരിധിയില്ല. സർട്ടിഫിക്കറ്റ് പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കിയവർക്ക് പ്ലസ് ടു യോഗ്യതയുള്ള പക്ഷം യോഗ ഡിപ്ലോമ ടീച്ചർ ട്രെയിനിംഗ് പ്രോഗ്രാം ലാറ്ററൽ എൻട്രി വഴി ആറുമാസത്തെ പഠനം കൊണ്ട് പൂർത്തിയാക്കാം.

ആപ്ലിക്കേഷൻ ഓൺലൈനായി https://apps.rccc.in/register എന്ന ലിങ്കിലൂടെ കഴിയും. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 31. വിശദവിവരങ്ങൾ. തിരുവനന്തപുരം നന്ദാവനത്തുള്ള എസ്.ആർ.സി. ഓഫീസിൽ നേരിട്ടും ലഭിക്കും. വിലാസം: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ് ഭവൻ പി. ഒ., തിരുവനന്തപുരം 33. ഫോൺ നം: 04712325101. 8281114464. വിശദാംശങ്ങൾ ംംം.ൃരരര.ശി എന്ന വെബ്സൈറ്റിലും ലഭ്യമാണ്. എറണാകുളം ജില്ലയിലെ പഠന കേന്ദ്രങ്ങൾ: ആനന്ദം യോഗ ആൻ്റ് മെഡിറ്റേഷൻ സെന്റർ എറണാകുളം9446605436, സൺറൈസ് അക്കാദമി. എറണാകുളം 9446607564, ശ്രീശങ്കര വിദ്യാപീഠം കോളേജ്. പെരുമ്പാവൂർ: 04842657038, 9048105832 ,9645835831.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഗവ:എ.വി.ടി.എസ് കളമശ്ശേരിയിൽ, ടൂൾ ആന്റ് ഡൈ മേക്കിംഗ്, ഇലക്ട്രിക്കൽ മെയിന്റനൻസ്, ഡൊമസ്റ്റിക് അപ്ലയൻസസ് മെയിന്റനൻസ് (ഇലക്ട്രിക്കൽ) അഡ്വാൻസ്ഡ് വെൽഡിംഗ് എന്നീ അഡ്വാൻസ്ഡ് ഷോർട്ട് ടേം കോഴ്സുകളിലേക്ക് അപേക്ഷകൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 04842557275, 9847964698 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

## പുഴ മണൽ ലേലം

**കൊച്ചി:** ആലുവ താലൂക്ക് ആലുവ വെസ്റ്റ് വില്ലേജിൽ മംഗലപ്പുഴ പാലത്തിന് വടക്കുവശം പെരിയാർ പുഴയിൽ നിന്നും അനധികൃതമായി വാരിക്കൂട്ടിയ 153.62 ഘന അടി പുഴമണൽ ബന്തവസ്സിലെടുത്തിട്ടുള്ളതും, ആയത് ആലുവ സീനത്ത് ജംഗ്ഷനിലുള്ള പോലീസ് ഓഫീസേഴ്സ് ക്വാർട്ടേഴ്സ് കോമ്പൗണ്ടിൽ 22.12.2023 ന് രാവിലെ 11.30 ന് നിബന്ധനകൾക്ക് വിധേയമായി ലേലം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതുമാണ്. വിശദവിവരങ്ങൾക്ക് ആലുവ വെസ്റ്റ് വില്ലേജ് ഓഫീസറെ 8547613703 ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

## വാക്ക്ഇൻ ഇന്റർവ്യൂ

**കൊച്ചി:** എറണാകുളം ജില്ലാ പഞ്ചായത്തിന് കീഴിലുള്ള തെരുവുനായ്ക്കളുടെ പ്രജനനനിയന്ത്രണ പദ്ധതി നടത്തിപ്പിന്റെ ആവശ്യത്തിലേക്കായി കോലഞ്ചേരി, മുളന്തുരുത്തി എന്നീ എ.ബി.സി സെന്ററിലേക്ക് മൃഗ പരിപാലകൻ/ഡോഗ് ഹാൻഡ്‌ലർ തസ്തികകളിൽ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ താത്കാലികമായി നിയമിക്കുന്നതിന് ഡിസംബർ 22 ന് രാവിലെ 11 ന് എറണാകുളം ജില്ലാ പഞ്ചായത്തിൽ വാക്ക്ഇൻ ഇന്റർവ്യൂ നടത്തുന്നു.താല്പര്യമുള്ളവർ യോഗ്യത രേഖകളുടെ അസ്സൽ സഹിതം അന്നേ ദിവസം കൃത്യസമയത്ത് എത്തിച്ചേരേണ്ടതാണ്.

വെറ്ററിനറി സർജൻ, ഒഴിവ് 2, യോഗ്യത ബിവിഎസ് സി ആൻ്റ് എഎച്ച്, കെഎസ് വി സി രജിസ്ട്രേഷൻ (BVSC & AH, KSVC Registration) എ.ബി.സി പ്രോഗ്രാമുമായി ബന്ധപ്പെട്ട് 6 മാസം പ്രവർത്തന പരിചയം ഉള്ളവർക്ക് മുൻഗണന. മൃഗപരിപാലകർ/ഡോഗ് ( ഒഴിവ് 4 ) യോഗ്യത തെരുവുനായ്ക്കളെ പിടികൂടുന്നതിനുള്ള സന്നദ്ധത, നായ്ക്കളുടെ പരിപാലനം, ഉയർന്ന കായിക ക്ഷമത, നായയെ പിടിക്കുന്ന പരിശീലനം പൂർത്തികരിച്ച സർട്ടിഫിക്കറ്റ് ഉള്ളവർ, എ.ബി.സി പ്രോഗ്രാമുമായി ബന്ധപ്പെട്ട് പ്രവർത്തന പരിചയം ഉള്ളവർക്ക് മുൻഗണന.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** ആലുവ താലൂക്ക് മിനി സിവിൽ സ്റ്റേഷനിൽ 202425 കാലയളവിലേക്ക് കാന്റീൻ നടത്തുന്നതിന് കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും മുദ്ര വച്ച കവറിൽ മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 2624052.



# സുരേഷ് ഗോപിയുടെ 257-ാമത്തെ ചിത്രത്തിന് തുടക്കം

സുരേഷ് ഗോപി,സൂരജ് വെഞ്ഞാറമൂട്,ഗൗതം വാസുദേവ് മേനോൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി സനൽ വി ദേവൻസംവിധാനം ചെയ്യുന്ന പുതിയ സിനിമയുടെ പൂജ, സ്വിച്ചോൺ കർമ്മം, ഇടപ്പള്ളി ശ്രീ അഞ്ചുമന ദേവീ ക്ഷേത്രത്തിൽ വെച്ച് നിർവ്വഹിച്ചു. നടൻ സുരാജ് വെഞ്ഞാറമ്മൂട് ഭദ്രദീപത്തിലെ ആദ്യ തിരി തെളിയിച്ചു.തുടർന്ന് എക്സിക്യൂട്ടീവ് പ്രൊഡ്യൂസർരാരായ രാജാസിംഗ്,കൃഷ്ണ കുമാർ, ഷിബു ജോൺ,ജോമോൾ ഷിബു,റോണാൾഡ് തുണ്ടിക്കൽ,സംവിധായകൻനിഥിൻ രഞ്ജിപണിക്കർ, തിരക്കഥാകൃത്ത് അഭിലാഷ് പിള്ള, ബാദുഷ,സെവൻ ആർട്ട്സ് മോഹൻ,ഷിബു ജി സുശീലൻ, ആൽവിൻ ആന്റണി,സംവിധായകൻ എം പത്മകുമാർ സ്വിച്ചോൺ കർമ്മം നിർവ്വഹിച്ചപ്പോൾ എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ രാജ സിംഗ് ക്ലാപ്പടിച്ചു. മാവെറിക് മൂവീസ് പ്രൈവറ്റ് ലിമിറ്റഡ്, സഞ്ജയ്പടിയൂർ എന്റർടൈൻമെന്റ്സുമായി സഹകരിച്ച് വിനീത് ജെയിൻ,സഞ്ജയ് പടിയൂർ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന സുരേഷ് ഗോപിയുടെ ഇരുന്നൂറ്റിയമ്പത്തിയേഴാമത്തെ ചിത്രമാണിത്.മലയാള ചലച്ചിത്രരംഗത്ത് പുതിയൊരു നിർമ്മാണ കമ്പനി കൂടി വരുകയാണ്.

മുംബൈ ആസ്ഥാനമായിട്ടുള്ള മാവെറിക് മൂവീസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ആദ്യ സിനിമയാണ് സുരേഷ് ഗോപിയുടെ ഈ ബ്രഹ്മാണ്ഡ ചിത്രം.പ്രൊഡക്ഷൻ കൺട്രോളർ സഞ്ജയ് പടിയൂർ ആദ്യമായി നിർമ്മിക്കുന്ന ചിത്രം കൂടിയാണിത്.കുഞ്ഞമ്മിണീസ് ഹോസ്പിറ്റൽ എന്ന ചിത്രത്തിനു ശേഷം സനൽ വി ദേവൻ സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം അജയ് ഡേവിഡ് കാച്ചപ്പിള്ളി നിർവഹിക്കുന്നു.മനു സി കുമാർ.തിരക്കഥ സംഭാഷണമെഴുതുന്നു.



കഥ ജിത്തു കെ ജയൻ, മനു സി കുമാർ,സംഗീതംരാഹുൽ രാജ്,എഡിറ്റർമൻസൂർ മുത്തുട്ടി,കോപ്രൊഡ്യൂസർമനോജ് ശ്രീകാന്ത (ആഷ്രീ വെഞ്ചേഴ്സ്) എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ രാജാസിംഗ്,കൃഷ്ണ കുമാർ,ലൈൻ പ്രൊഡ്യൂസർആര്യൻ സന്തോഷ്,ആർട്ട്സുനിൽ കെ ജോർജ്ജ്,വസ്ത്രാലങ്കാരം നിസാർ റഹ്മത്ത്,മേക്കപ്പ് റോണക്സ് സേവ്യർ,ചീഫ് അസോസിയേറ്റ് ഡയറക്ടർ സ്യമന്തക് പ്രദീപ്, പ്രൊഡക്ഷൻ കൺട്രോളർപോലോസ് കുറുമറ്റം, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് അഭിലാഷ് പൈങ്ങോട്, സ്റ്റിൽസ്നവീൻ മുരളി ഡിസൈൻഓൾഡ്മോങ്സ്,പി ആർ ഒഎ എസ് ദിനേശ്.

## അടിയന്തിരാവസ്ഥക്കാലത്തെ അനുരാഗം 22 ന്




സംവിധായകൻ ആലപ്പി അഷ്റഫിൻറെ പുതിയ ചിത്രം അടിയന്തിരാവസ്ഥക്കാലത്തെ അനുരാഗം 22 ന് റിലീസ് ചെയ്യും. അടിയന്തിരാവസ്ഥക്കാലത്തേക്ക് വിരൽ ചൂണ്ടുന്ന പ്രമേയമാണ് ചിത്രത്തിൻറേത്.ഒലിവ് പ്രൊഡക്ഷൻസിൻറെ ബാനറിൽ കുര്യച്ചൻ വാളക്കുഴി,ടൈറ്റസ് ആറ്റിങ്ങൽ എന്നിവരാണ് ചിത്രത്തിൻറെ നിർമ്മാതാക്കൾപുതുമുഖങ്ങളായ നിഹാലും ഗോപികാ ഗിരീഷുമാണ് ചിത്രത്തിലെ പ്രധാന കഥാപാത്രങ്ങൾ.

ഹാഷിം ഷാ, കൃഷ്ണ തുളസീഭായ്,കലാഭവൻ റഹ്മാൻ, ഉഷ, ആലപ്പി അഷറഫ്, ഫെലീസിറ്റ്, പ്രിയൻ, ശാന്തകുമാരി, അനന്തു കൊല്ലം, ജെ.ജെ.കുറ്റിക്കാട്, അമ്പുകാരൻ, മുന്ന, നിമിഷ, റിയ കാപ്പിൽ, എ.കബീർ തുടങ്ങിയവരാണ് അഭിനേതാക്കൾ.ഗാനങ്ങൾ, ടൈറ്റസ് ആറ്റിങ്ങൽ,സംഗീതം അഫ്സൽ യൂസഫ്, കെ.. ജെ.ആന്റണി, ടി.എസ്.ജയരാജ്ആലാപനം യേശുദാസ് ,ശ്രേയാ ഘോഷൽ, നജീബ് അർഷാദ്. ശ്വേതാ മോഹൻ,ഛായാഗ്രഹണം ബി.ടി.മണി.

എ ഡിറ്റിംഗ് എൽ. ഭൂമിനാഥൻ, കലാസംവിധാനം സുനിൽ ശ്രീധരൻ, മേക്കപ്പ് സന്തോഷ് വെൺപകൽ ,കോസ്റ്റ്യും. ഡിസൈൻ തമ്പി ആര്യനാട്. ഫിനാൻസ് കൺട്രോളർ ദില്ലി ഗോപൻ.ലൈൻ പ്രൊഡ്യൂസർ എ.കബീർ.പ്രൊഡക്ഷൻ കൺട്രോളർ പ്രതാപൻ കല്ലിയൂർ.വിതരണം കൃപ ഫിലിംസ് സൊല്യൂഷൻസ്കെ മൂവിസ്.പി.ആർ.ഒ പി.ആർ.സുമേരൻ.ലീഗൽ അഡ്വൈസർ അഡ്വ: പി.റ്റി.ജോസ് എറണാകുളം, മാർക്കറ്റിംഗ് ഹെഡ് ബാസിംഫോട്ടോ ഹരി തിരുമല. എന്നിവരാണ് ചിത്രത്തിന്റെ അണിയറ പ്രവർത്തകർ.



## ആവേശം

ഫഹദ് ഫാസിലിനെ നായകനാക്കി ജിത്തു മാധവൻ തിരക്കഥയുമെഴുതി സംവിധാനം ചെയ്യുന്ന ആവേശം എന്ന ചിത്രത്തിന്റെ പോസ്റ്റർ റിലീസായി. മൻസൂർ അലി ഖാൻ, ആശിഷ് വിദ്യാർത്ഥി,സജിൻ ഗോപു,പ്രണവ് രാജ്, മിഥുൻ ജെ എസ്,റോഷൻ ഷാനവാസ്, ശ്രീജിത്ത് നായർ,പൂജ മോഹൻരാജ്,നീരജ് രാജേന്ദ്രൻ,തങ്കം മോഹൻ തുടങ്ങിയവരാണ് മറ്റു താരങ്ങൾ.

അൻവർ റഷീദ് എന്റർടൈൻമെന്റ്,ഫഹദ് ഫാസിൽ ആന്റ് ഫ്രണ്ട്സ് എന്നീ ബാനറിൽ അൻവർ റഷീദ്, നസ്രിയ നസീം എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം സമീർ താഹിർ നിർവ്വഹിക്കുന്നു. വിനായക് ശശികുമാർ എഴുതിയ വരികൾക്ക് സുഷിൻ ശ്യാം സംഗീതം പകരുന്നു.എഡിറ്റർവിവേക് ഹർഷൻ,പ്രോജക്ട് സിഇഒമൊഹസിൻ ഖായിസ്,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ എ ആർ അൻസാർ,ലൈൻ പ്രൊഡ്യൂസർപി കെ ശ്രീകുമാർ,പ്രൊഡക്ഷൻ ഡിസൈൻ അശ്വിനി കാലേ, കോസ്റ്റ്യൂംസ്മ ഹർ ഹംസ,മേക്കപ്പ്ആർ ജി വയനാടൻ, ഓഡിയോഗ്രഫി വിഷ്ണു ഗോവിന്ദ്, ആക്ഷൻചേതൻ ഡിസൂസ,വിഎഫ്എക്സ്എഗ്ഗ് വൈറ്റ്, പ്രൊഡക്ഷൻ കൺട്രോളർവിനോദ് ശേഖർ, ചീഫ് അസോസിയേറ്റ് ഡയറക്ടർഅരുൺ അപ്പുക്കുട്ടൻ,സുമിലാൽ സുബ്രമണ്യൻ,സ്റ്റിൽസ്രോഹിത് കെ സുരേഷ്,നിദാദ് കെ എൻ,ഡിസൈൻ അഭിലാഷ് ചാക്കോ. പി ആർ ഒഎ എസ് ദിനേശ്.

## രാസ്ത




അലു എന്റർടൈൻമെന്റ്സിന്റെ ബാനറിൽ ലിനു ശ്രീനിവാസ് നിർമ്മിച്ച് അനീഷ് അൻവർ സംവിധാനം ചെയ്യുന്ന രാസ്തഎന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ട്രെയിലർ റിലീസായി.സർജാനോ ഖാലിദ്, അനഘ നാരായണൻ , ആരാധ്യ ആൻ,സുധീഷ്, ഇർഷാദ് അലി, ടി ജി രവി തുടങ്ങിയ താരങ്ങൾക്കൊപ്പം പ്രമുഖ ഒമാനി അഭിനേതാക്കളായ ഖാമിസ് അൽ റവാഹി , ഫഖ്റിയ ഖാമിസ് അൽ അജ്മി, ഷമ്മ സൈദ് അൽ ബർക്കി എന്നിവരും ഒമാനിൽ നിന്നുള്ള മറ്റു നിരവധി താരങ്ങളും സംരഭത്തിൽ ഭാഗമാകുന്നുണ്ട്.സക്കറിയയുടെ ഗർഭിണികൾ,കുമ്പസാരം, ഗ്രാൻഡ് ഫാദർ എന്നീ ചിത്രങ്ങക്കു ശേഷം അനീഷ് അൻവർ സംവിധാനം ചെയ്യുന്ന ചിത്രമാണ് രാസ്ത.ഷാഹുൽ,ഫായിസ് മടക്കര എന്നിവരാണ് രാസ്തയുടെ കഥ തിരക്കഥ

സംഭാഷണം എഴുതുന്നത്.ചിത്രത്തിന്റെ ഛായാഗ്രഹണം വിഷ്ണു നാരായണൻ നിർവ്വഹിക്കുന്നു.ബി കെ ഹരി നാരായണൻ,വേണു ഗോപാൽ ആർ, അൻവർ അലി എന്നിവരുടെ വരികൾക്ക് വിഷ്ണു മോഹൻ സിതാര സംഗീതം പകരുന്നു.വിനീത് ശ്രീനിവാസൻ, അൽഫോൻസ്, സൂരജ് സന്തോഷ് എന്നിവരാണ് ഗായകർ.എഡിറ്റർ അഫ്തർ അൻവർ.മേക്കപ്പ് രാജേഷ് നെന്മാറ,സ്റ്റിൽസ്പ്രേം ലാൽ പട്ടാഴി, കോസ്റ്റ്യൂംസ്ഷൈബി ജോസഫ്,ആർട്ട്‌വേണു തോപ്പിൽ, പ്രൊജക്റ്റ് ഡിസൈനർസുധാ ഷാ, ഫിനാൻഷ്യൽ കൺട്രോളർരാഹുൽ ആർ ചേരാൽ , കളറിസ്റ്റ് ലിജു പ്രഭാകർ, പ്രൊഡക്ഷൻ മാനേജർ ഖാസിം മുഹമ്മദ് അൽ സുലൈമി,പ്രൊഡക്ഷൻ കൺട്രോളർഹോച്ചിമിൻ കെ.സി,ഡിസൈൻകോളിൻസ് ലിയോഫിൽ.മസ്കറ്റിലും ബിദിയയിലുമായി ചിത്രീകരണം പൂർത്തിയാക്കിയ രാസ്താ മലയാളത്തിനു പുറമെ അറബിയിലും അവതരിപ്പിക്കുന്നു. രാസ്താ ജനുവരി അഞ്ചിന് ഡ്രീം ബിഗ് തിയ്യേറ്ററിലെത്തിക്കുന്നു.പി ആർ ഒഎ എസ് ദിനേശ്.




# ഒഎൻഡിസിയും മെറ്റയും കൈകോർക്കുന്നു

**ന്യൂ ഡൽഹി:** ചെറുകിട കച്ചവടങ്ങളുടെ ഡിജിറ്റൽ കൊമേഴ്സ് സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് മെറ്റയുമായി കൈകോർത്ത് ഒഎൻഡിസി. ടെക്നിക്കൽ സൊല്യൂഷൻ പ്രൊവൈഡർമാർ വഴി വാട്ട്സ്ആപ്പിൽ വിൽപ്പനക്കാരും ഉപഭോക്താക്കളും തമ്മിലുള്ള തടസമില്ലാത്ത മെച്ചപ്പെട്ട ആശയവിനിമയം നടത്താനും, ചെറുകിട സംരംഭകരെ ഇതിനായി പ്രാപ്തരാക്കാനും ബോധവൽക്കരിക്കാനും ഡിജിറ്റൽ കൊമോഴ്സിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുകയാണ് പങ്കാളിത്തത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് ഒഎൻഡിസി എംഡിയും സിഇഒയുമായ ടി. കോശി അഭിപ്രായപ്പെട്ടു.

തേസമയം, ഒഎൻഡിസി ഈ ബിസിനസ് സൊല്യൂഷൻ പ്രൊവൈഡർമാരെ സെല്ലർ ആപ്പുകളാക്കാനും അവർ സർവീസ് ചെയ്യുന്ന ബിസിനസുകളെ ഒഎൻഡിസി നെറ്റ്‌വർക്കിലേക്ക് കൊണ്ടുവന്ന് സംരംഭം നയിക്കാനും സഹായിക്കും.ചെറുകിട ബിസിനസുകളെ സഹായിക്കാനുള്ള ഈ പങ്കാളിത്തം ആരംഭിക്കുന്നതിനായി, അടുത്ത രണ്ട് വർഷത്തിനുള്ളിൽ, അഞ്ച് ലക്ഷം എംഎസ്എംഇകൾക്കും മെറ്റാ സ്മോൾ ബിസിനസ് അക്കാദമിയിലൂടെ ഡിജിറ്റലായി നൈപുണ്യ വികസനം ലഭിക്കും. രാജ്യത്തുടനീളമുള്ള 10 ദശലക്ഷം ചെറുകിട ബിസിനസ്സുകളോടുള്ള മെറ്റയുടെ പ്രതിബദ്ധതയിൽ നിന്നുണ്ടായ മെറ്റാ ആപ്പുകളിലൂടെ സംരംഭകർക്ക് വളരാൻ സാധിക്കും. ഇതിനായി നിർണായകമായ ഡിജിറ്റൽ മാർക്കറ്റിംഗ് കഴിവുകൾ നേടുന്നതിന് സംരംഭകരെയും വിപണനക്കാരെയും ശാക്തീകരിക്കാൻവേണ്ടി മെറ്റാ സ്മോൾ ബിസിനസ് അക്കാദമി ഒരു സർട്ടിഫിക്കേഷനും വാഗ്ദാനം ചെയ്യുന്നു. ഇന്ത്യയിലുടനീളമുള്ള എംഎസ്എംഇകൾക്ക് വേണ്ടിയാണ് ഒഎൻഡിസിയുമായുള്ള തങ്ങളുടെ പങ്കാളിത്തമെന്ന് മെറ്റ ഇന്ത്യ വൈസ് പ്രസിഡന്റ് സന്ധ്യ ദേവനാഥൻ പറഞ്ഞു.

# ഉണർവ്വ് 2023 ക്രിസ്മസ് വിപണനമേളയ്ക്ക് തുടക്കം

**കൊച്ചി:** എറണാകുളം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ നേതൃത്വത്തിൽ കാക്കനാട് കളക്ടറേറ്റിൽ സംഘടിപ്പിക്കുന്ന ഉണർവ്വ് 2023 ക്രിസ്മസ് വിപണനമേള ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് ഉദ്ഘാടനം ചെയ്തു.

സിവിൽ സ്റ്റേഷനിലെ താഴത്തെ നിലയിൽ ഒരുക്കിയിരിക്കുന്ന പ്രദർശന വിപണനമേളയിൽ സ്വയംതൊഴിൽ സംരംഭകരുടെ ഉത്പന്നങ്ങളാണ് പ്രധാന ആകർഷണം. തുണിത്തരങ്ങൾ, അത്തർ, സോപ്പ്, മൺ പാത്രങ്ങൾ, കേക്ക്, വെളിച്ചെണ്ണ, ഓയിൽ, കറി മസാലകൾ എന്നീ ഉത്പന്നങ്ങൾ മേളയിൽ ലഭ്യമാകും. ഡിസംബർ 19 മുതൽ 21 വരെയാണ് മേള സംഘടിപ്പിക്കുന്നത്.

എറണാകുളം മേഖല എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ കെ. അബ്ദുറഹിമാൻ കുട്ടി അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ ഡി.എസ് ഉണ്ണികൃഷ്ണൻ, പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ഓഫീസർ ജി. ജയശങ്കർ പ്രസാദ്, എംപ്ലോയ്മെന്റ് ഓഫീസർമാരായ സി.പി ഐഷ, കെ.എസ് സനോജ്, പി.എസ് ജോസ് എന്നിവർ സംസാരിച്ചു. സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർ കെ.എസ് ബിന്ദു ആദ്യ വില്പന നിർവഹിച്ചു.

# ഹാൻവീവിൽ 30 ശതമാനം വിലക്കിഴിവ്

**കൊച്ചി:** എറണാകുളം ഇയ്യാറ്റിൽ ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ഹാൻവീവ് ഷോറൂമിൽ ക്രിസ്മസ്സ് പുതുവർഷം പ്രമാണിച്ച് എല്ലാ കൈത്തറി വസ്ത്രങ്ങൾക്കും 30 ശതമാനം വില കിഴിവ് (20 ശതമാനം സർക്കാർ റിബേറ്റും, 10 ശതമാനം ഡിസ്ക്കൗണ്ടും) ലഭിക്കും.

സർക്കാർ, അർദ്ധ സർക്കാർ, ബാങ്കുകൾ സ്ക്കൂൾ, ഇൻഷ്യൂറൻസ് കമ്പനികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ എന്നിവയിലെ ജീവനക്കാർക്ക് 20,000 രൂപയുടെ തുണിത്തരങ്ങൾ പലിശ രഹിത തവണ വ്യവസ്ഥയിൽ ലഭിക്കും.

## കെവിഐസി കരകൗശലത്തൊഴിലാളികൾക്ക് 100 ഇലക്ട്രിക് മൺപാത്ര ചക്രങ്ങൾ വിതരണം ചെയ്തു

# സംസ്ഥാനത്ത് ഖാദി മേഖല 20% വളർച്ച കൈവരിച്ചു: കെവിഐസി ചെയർമാൻ

**തൃശൂർ:** ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ (കെ.വി.ഐ.സി.) ചെയർമാൻ ശ്രീ മനോജ് കുമാർ, തിങ്കളാഴ്ച സെൻട്രൽ സിൽവർ പ്ലാൻറ് കുറ്റൂർ സന്ദർശന വേളയിൽ കരകൗശല തൊഴിലാളികൾക്ക് 100 ഇലക്ട്രിക് മൺപാത്ര ചക്രങ്ങൾ വിതരണം ചെയ്തു, കേന്ദ്ര ആഭ്യന്തര, സഹകരണ മന്ത്രി ശ്രീ അമിത് ഷാ 2023 ഡിസംബർ 2 ന് തൃശ്ശൂരിലെ സെൻട്രൽ സ്ലൈവർ പ്ലാൻറ് ഓൺലൈൻ ആയി ഉദ്ഘാടനം ചെയ്തിരുന്നു.

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ മാർഗ്ഗനിർദ്ദേശത്തിലും പിന്തുണയിലും കെ.വി.ഐ.സി ഗ്രാമോദ്യോഗ് വികാസ് യോജന പദ്ധതിക്ക് കീഴിൽ വിവിധ പരിപാടികൾ നടപ്പിലാക്കി വരികയാണെന്ന് വിതരണ പരിപാടിയെ അഭിസംബോധന ചെയ്ത് ശ്രീ മനോജ് കുമാർ അഭിപ്രായപ്പെട്ടു. ഗ്രാമീണ മേഖലയിലെ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാനും മലയോര മേഖലയിലെ ആദിവാസികൾ ഉൾപ്പെടെയുള്ള പാവപ്പെട്ട കരകൗശല തൊഴിലാളികളുടെ ഉപജീവനമാർഗം മെച്ചപ്പെടുത്താനും ഈ പരിപാടികൾ ലക്ഷ്യമിടുന്നു, പ്രത്യേകിച്ച് പട്ടികജാതി/പട്ടികവർഗ , സ്ത്രീകൾ എന്നീ വിഭാഗങ്ങളെയും .

ധാതു അധിഷ്ഠിത വ്യവസായങ്ങളിലെ അവരുടെ പ്രയത്നങ്ങളെ എടുത്തുകാണിച്ചുകൊണ്ട്, കേരള സംസ്ഥാനം ഇതിനകം 200 മൺപാത്ര ചക്രങ്ങൾ വിതരണം ചെയ്തിട്ടുണ്ട്, കൂടാതെ കുംഭർ സശക്തികരൺ പ്രോഗ്രാമിന് കീഴിൽ അടുത്തിടെ 100 ചക്രങ്ങൾ വിതരണം ചെയ്തതോടെ മൊത്തം 300 മൺപാത്ര ചക്രങ്ങൾ നൽകിയിട്ടുണ്ട്. വിതരണ പരിപാടിയെ അഭിസംബോധന ചെയ്ത് ശ്രീ മനോജ് കുമാർ, കഴിഞ്ഞ ഒമ്പത് വർഷങ്ങളിൽ കെവിഐസി മേഖല ഗണ്യമായ വളർച്ച കൈവരിച്ചതായി പങ്കുവെച്ചു. ഖാദി കരകൗശല തൊഴിലാളികളുടെ ക്ഷേമത്തോടുള്ള സർക്കാരിൻറെ അചഞ്ചലമായ പ്രതിബദ്ധതയുടെ തെളിവാണ് ഈ വളർച്ച. ഖാദി കരകൗശല വിദഗ്ധരുടെ ക്ഷേമത്തിനായുള്ള പ്രധാനമന്ത്രിയുടെ അചഞ്ചലമായ സമർപ്പണമായ മോദി കി ഗ്യാരന്റി യുടെ നേരിട്ടുള്ള ഫലമാണ് ഈ വിജയമെന്ന് അദ്ദേഹം ആവർത്തിച്ചു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കേരളത്തിൻറെ മൊത്തത്തിലുള്ള ഖാദി പ്രകടനത്തിൽ 20% വർധനയുണ്ടായതിൽ ഈ അർപ്പണബോധം പ്രകടമാണ്, ഇത് 13,500 കരകൗശല തൊഴിലാളികൾക്ക് തൊഴിലവസരമുണ്ടാക്കാൻ കാരണമായി.

കേരളത്തിലെ തിരുവനന്തപുരത്തെ കെ.വി.ഐ.സി സംസ്ഥാന ഓഫീസ് ഈ വളർച്ചയെ പിന്തുണയ്ക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു ഇതോടോപ്പം കേരളത്തിലെ കെ.വി.ഐ പ്രവർത്തനങ്ങൾക്ക് മേൽനോട്ടവും 30 ഖാദി സ്ഥാപനങ്ങൾക്ക് ആവശ്യമായ സാങ്കേതികമായും മറ്റ് പിന്തുണകളും നൽകുന്നു.

ഗ്രാമപ്രദേശങ്ങളിലെ കരകൗശല തൊഴിലാളികളുടെ ഉപജീവനമാർഗത്തിന്റെ വളർച്ചയ്ക്ക് പിന്നിലെ പ്രേരകശക്തിയാണ് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയെന്നും ശ്രീ മനോജ് കുമാർ പരാമർശിച്ചു.

ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ (കെവിഐസി) മുഖേന, പിഎംഇജിപി പോലുള്ള വിവിധ പദ്ധതികളിലൂടെ സ്റ്റാൻഡേർഡ് വേതനം, യന്ത്രങ്ങൾ, അവശ്യ പിന്തുണ എന്നിവ അദ്ദേഹം നൽകിയിട്ടുണ്ട് ഇത് തൊഴിലില്ലാത്ത യുവാക്കളെ പ്രത്യേകം ലക്ഷ്യമിടുന്നു.

ഖാദി ഒരു തുണിക്കഷണം മാത്രമല്ല, സ്വാശ്രയത്വം സ്വീകരിക്കുന്നവരുടെ അഭിമാനത്തിന്റെ പ്രതീകമാണെന്ന് പ്രധാനമന്ത്രി വിശ്വസിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു, തദ്ദേശീയമായ വസ്തുക്കൾക്ക് മൂല്യം നൽകുകയും ഒരു സ്വാശ്രയ ഇന്ത്യ എന്ന സ്വപ്നം വിഭാവനം ചെയ്യുകയും ചെയ്യുക. മേക്ക് ഇൻ ഇന്ത്യ എന്ന ആശയത്തെ ശക്തിപ്പെടുത്തുകയും സ്വാശ്രയ രാഷ്ട്രത്തിൻറെ തുണിത്തരങ്ങൾ നെയ്യുകയും ചെയ്യുന്ന ശക്തമായ ആയുധമായി അത് നിലകൊള്ളുന്നു.

കെ.വി.ഐ.സി മേഖലയുടെ വർദ്ധിച്ചുവരുന്ന വളർച്ചയെക്കുറിച്ച് സംസാരിക്കവെ, കഴിഞ്ഞ ഒമ്പത് വർഷത്തിനിടെ ഖാദി പ്രകടനം മൂന്നിരട്ടിയായി മെച്ചപ്പെട്ടതായി അദ്ദേഹം ചൂണ്ടിക്കാട്ടി, അതുപോലെ, കേരളത്തിൽ പിഎംഇജിപി പദ്ധതി നിലവിൽ വന്നതുമുതൽ, മാർജിൻ മണി ഗ്രാൻറ് ആയി 571.86 കോടി രൂപ 27,651 യൂണിറ്റുകൾക്കായി വിതരണം ചെയ്തു.

പുതിയ സംരംഭങ്ങൾ സ്ഥാപിക്കുന്നതിലൂടെ 2,21,208 പേർക്ക് തൊഴിൽ സൃഷ്ടിച്ചു. 2023 നവംബർ വരെ, ഞൈ. 38.15 കോടി വിതരണം ചെയ്തു, ഇത് 1,625 പുതിയ സംരംഭങ്ങൾ സൃഷ്ടിക്കാൻ കാരണമായി. കെവിഐസിയുടെ മുതിർന്ന ഉദ്യോഗസ്ഥരും കേരളത്തിൽ നിന്നുള്ള 300 കരകൗശല വിദഗ്ധരും പരിപാടിയിൽ പങ്കെടുത്തു

# രണ്ടാമത് ടാർഗെറ്റഡ് ഫാർമകോ വിജിലൻസ് സംഘടിപ്പിച്ച് എയിംസ്

**കൊച്ചി:** ഭാരതസർക്കാരിന്റെ ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിന്റെ ഗാസിയാബാദിലെ ഇന്ത്യൻ ഫാർമക്കോപ്പിയ കമ്മീഷനുമായി സഹകരിച്ച് അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ടാർഗെറ്റഡ് ഫാർമകോവിജിലൻസ് എന്ന പേരിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. ഇന്ത്യയിലെ പന്ത്രണ്ട് പ്രാദേശിക പരിശീലന കേന്ദ്രങ്ങളിലൊന്നും ഫാർമകോവിജിലൻസ് പ്രോഗ്രാം ഓഫ് ഇന്ത്യയുടെ കീഴിലുള്ള അഡ്‌വേഴ്സ് ഡ്രഗ് റിയാക്ഷൻ മോണിറ്ററിംഗ് സെന്ററുമായ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് കഴിഞ്ഞ തിങ്കളാഴ്ച അമൃതേശ്വരി ഹാളിലാണ് രണ്ടാമത് അഡ്വാൻസ്ഡ് ലെവൽ പരിശീലന പരിപാടി സംഘടിപ്പിച്ചത്.



കേരളത്തിലുടനീളമുള്ള 54 എഎംസികളുടെ കോർഡിനേറ്റർമാർക്കും ഡെപ്യൂട്ടി കോർഡിനേറ്റർമാർക്കും ഫാർമക്കോവിജിലൻസ് അസോസിയേറ്റ്സിനും മാത്രമായാണ് ഏകദിന പരിശീലനം നടത്തിയത്. എയിംസിലെ ആർ.ടി.സിയും എഎംസി കോർഡിനേറ്ററുമായ ഡോ. പ്രിൻസി ലൂയിസ് പാലാട്ടിയുടെ കീഴിലെ ഊർജ്ജസ്വലരായ ടീം സംഘടിപ്പിച്ച ഉദ്ഘാടന പരിപാടിയിൽ ഡോ. പി.ജി നായർ, ഡോ. ബീന കെ.വി, ഡോ.അജോയ് മേനോൻ, ബ്രി സായ് ബാല ഉൾപ്പെടെയുള്ള വിവിധ പ്രമുഖരും എൺപതോളം പ്രതിനിധികളും പങ്കെടുത്തു. ഐപിസി ഗാസിയാബാദിലെ സീനിയർ പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ ഡോ. ജയ് പ്രകാശിന്റെ പ്രഭാഷണം നടത്തി. 2023ൽ രാജ്യത്തെ ഏറ്റവും മികച്ച എഡിആർ റിപ്പോർട്ടിംഗ് കേന്ദ്രങ്ങളിൽ ഒന്നായി മാറിയതിന് എയിംസിനെ അഭിനന്ദിച്ചു. മരുന്നുകളുടെ പാർശ്വഫലങ്ങളെ കൂടുതൽ ഫലപ്രദമായി നേരിടാൻ രൂപകല്പന ചെയ്തിട്ടുള്ളതായിരുന്നു പരിപാടി. മരുന്നുകളോടുള്ള ശരീരത്തിന്റെ പ്രതികരണവും അണുബാധകളും, ടാർഗറ്റഡ് തെറാപ്പി കാലത്തെ പ്രതികൂല സംഭവവികാസങ്ങൾ, വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധർ ക്ലാസെടുത്തു

## പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിങ്: അപേക്ഷ ക്ഷണിച്ചു

**കണ്ണൂർ:** ജില്ലാ പഞ്ചായത്ത് 202324 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സൈന്യത്തിൽ ചേരുന്നതിനുള്ള പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിങ് പദ്ധതിയിൽ അപേക്ഷ ക്ഷണിച്ചു.

ജില്ലയിലെ ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരായ 18നും 28നും ഇടയിൽ പ്രായമുള്ള എസ് എസ് എൽ സി, പ്ലസ്ടു യോഗ്യതയുള്ള യുവതീ യുവാക്കൾക്ക് അപേക്ഷിക്കാം. കായികക്ഷമത, എഴുത്ത് പരീക്ഷ എന്നിവയുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ്. ഡിസംബർ 23ന് രാവിലെ 10 മണിക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസിൽ സെലക്ഷൻ ടെസ്റ്റ് നടത്തും. താൽപര്യമുള്ളവർ സർട്ടിഫിക്കറ്റുകൾ സഹിതം എത്തിച്ചേരുക. ഫോൺ: 04972700596, 7510867448, 9947691140.

## ഗവൺമെന്റ് അംഗീകൃത തൊഴിലധിഷ്ഠിത കോഴ്സ്

**തിരുവനന്തപുരം:** കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തുള്ള ട്രെയിനിംഗ് ഡിവിഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ്വെയർ ആൻഡ് നെറ്റ് വർക്കിംഗ്, ഡിപ്ലോമ ഇൻ മൾട്ടിമീഡിയ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് എന്നീ ഗവൺമെന്റ് അംഗീകൃത തൊഴിലധിഷ്ഠിത കോഴ്സുകളിലേയ്ക്ക് പ്രവേശനം ആരംഭിച്ചു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിദ്യാർഥികൾക്ക് നിയമാനുസൃത ഫീസ് സൗജന്യമാണ്. സ്റ്റൈപ്പന്റും ലഭിക്കും. ഒ.ബി.സി/ എസ്.ഇ.ബി.സി/മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാന പരിധിയ്ക്ക് വിധേയമായി ഫീസ് സൗജന്യമായിരിക്കും.

അപേക്ഷകർ വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ്, സിറ്റി സെന്റർ, പുന്നപുരം, പടിഞ്ഞാറേക്കോട്ട, തിരുവനന്തപുരം 695024, ഫോൺ: 0471 2474720, 04712467728 എന്ന വിലാസത്തിൽ നേരിട്ട് ഹാജരാകണം.

## സൗജന്യ പി.എസ്.സി പരിശീലനം

**തൃശൂർ:** ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂരിൽ പ്രവർത്തിക്കുന്ന മത്സര പരീക്ഷാ പരിശീലന കേന്ദ്രമായ കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത് എന്ന സ്ഥാപനത്തിൽ അഡ്മിഷൻ ആരംഭിച്ചു. 2024 ജനുവരി 1 ന് ആരംഭിക്കുന്ന പുതിയ റഗുലർ, ഹോളിഡേ ബാച്ചുകളിലേയ്ക്കാണ് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നത്.

ആറ് മാസം ദൈർഘ്യമുള്ള കോഴ്സുകളിലേക്ക് പ്രവേശനം ലഭിക്കുന്നത് ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്കാണ്. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് ഡിസംബർ 6 മുതൽ അപേക്ഷ സമർപ്പിക്കാം. അപേക്ഷകർ 2 ഫോട്ടോ, എസ്.എസ്.എൽ.സി പ്ലസ്ടു സർട്ടിഫിക്കറ്റുകളുടെ കോപ്പി എന്നിവ സഹിതം നേരിട്ടെത്തി അപേക്ഷിക്കണം.



# വികസിത് ഭാരത് സങ്കൽപ്പ് യാത്ര തൃശ്ശൂർ ജില്ലയിൽ

**തൃശ്ശൂർ :** തൃശ്ശൂർ ജില്ലയിൽ പര്യടനം പുരോഗമിക്കുന്ന വികസിത് ഭാരത് സങ്കൽപ് യാത്ര മുല്ലശ്ശേരി ബ്ലോക്കിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിൽ പര്യടനം നടത്തി. പഞ്ചായത്ത് ഓഫീസ് പരിസരത്ത് നടന്ന പരിപാടിയുടെ ഉദ്ഘാടനം മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീദേവി ജയരാജൻ നിർവഹിച്ചു.

വിവിധ കേന്ദ്ര പദ്ധതികളിലെ അംഗങ്ങളായി വിജയകരമായ സംരംഭങ്ങൾ നടത്തുന്ന ഗുണഭോക്താക്കളെ ചടങ്ങിൽ ആദരിച്ചു. ഗുണഭോക്താക്കൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു.പരിപാടിയുടെ ഭാഗമായി കേന്ദ്ര ഗവൺമെന്റിന്റെ വിവിധ സാമൂഹിക സുരക്ഷാ പദ്ധതികളിൽ പേര് ചേർക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിരുന്നു.

നബാർഡ് ഡി.ഡി.എം സെബിൻ ആന്റണി അധ്യക്ഷത വഹിച്ച യോഗത്തിൽ, തൃശൂർ ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രം ഡയറക്ടർ കൃഷ്ണമോഹൻ, കോർഡിനേറ്റർ ശിഖ എന്നിവർ സംസാരിച്ചു.

തൃശൂർ ജില്ലയിൽ പാവറട്ടി, വെങ്കിടങ്ങ് ഗ്രാമ പഞ്ചായത്തുകളിലാണ് വികസിത് ഭാരത് സങ്കൽപ്പ് യാത്ര ഇന്ന് പര്യടനം നടത്തുന്നത്.



# വസന്തോത്സവം ന്യൂ ഇയർ ലൈറ്റ് ഷോ

**തിരുവനന്തപുരം:** ടൂറിസം വകുപ്പ് കനകക്കുന്നിൽ സംഘടിപ്പിക്കുന്ന വസന്തോത്സവം ഫ്ളവർ ഷോയുടേയും ന്യൂ ഇയർ ലൈറ്റ് ഷോയുടേയും ടിക്കറ്റ് വിൽപന മേയർ ആര്യ രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. വി.കെ. പ്രശാന്ത് എംഎൽഎ ആദ്യ ടിക്കറ്റ് സ്വീകരിച്ചു. ടൂറിസം അഡീഷണൽ ഡയറക്ടർ അനിത, ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ ജി.എൽ. രാജീവ്, ഡിടിപിസി സെക്രട്ടറി ശ്യാം കൃഷ്ണൻ എന്നിവർ സംബന്ധിച്ചു.

കോവിഡിനു ശേഷം ആദ്യമായാണ് ടൂറിസം വകുപ്പ് കനകക്കുന്നിൽ ഫ്ളവർ ഷോ സംഘടിപ്പിക്കുന്നത്. കഴിഞ്ഞവർഷം വകുപ്പ് സംഘടിപ്പിച്ച പുതുവൽസര ദീപാലാങ്കരത്തിന് ലഭിച്ച വൻ സ്വീകാര്യതയുടെ പശ്ചാത്തലത്തിലാണ് ഇത്തവണയും ലൈറ്റ് ഷോ നടത്തുന്നത്. 24 മുതൽ ജനുവരി രണ്ടു വരെയാണ് ഫ്ളവർ ഷോയും ലൈറ്റ് ഷോയും ഒരുക്കുന്നത്.

ഞായറാഴ്ച രാവിലെ ഫ്ളവർ ഷോയിൽ പ്രവേശനം അനുവദിക്കും. വൈകുന്നേരം മന്ത്രി പി.എ. മുഹമ്മദ് റിയാസ് പരിപാടി ഉദ്ഘാടനം ചെയ്യും. ഇല്യുമിനേറ്റിംഗ് ജോയ്, സ്പ്രെഡിംഗ് ഹാർമണി എന്ന ആശയത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്.

മുതിർന്നവർക്ക് 100 രൂപയും കുട്ടികൾക്ക് 50 രൂപയുമാണ് പ്രവേശന നിരക്ക്. കേരളത്തിന് പുറത്തുനിന്നെത്തിക്കുന്ന പുഷ്പങ്ങൾ ഉൾപ്പെടെ ക്യൂറേറ്റ് ചെയ്ത ഫ്ളവർ ഷോ, ട്രീ റാപ്പിംഗ്, എൻട്രൻസ് ആർച്ച്, ബട്ടർഫ്ളൈ ഊഞ്ഞാൽ, ദീപാലംകൃത യൂറോപ്യൻ ഭവനം, ടണൽ വിത്ത് ലൈറ്റ്സ്, ഹോട്ട് എയർ ബലൂൺസ്, റെയിൻഡിയർ, റോസ് ഗാർഡൻ വിത്ത് ലൈറ്റ്സ്, സ്പൈറൽ ക്രിസ്മസ് ട്രീസ്, വാക്ക് വേ ആർച്ചസ്, ഷൂട്ടിംഗ് സ്റ്റാർ, ലൈറ്റ് ബോർഡുകൾ, മാൻ പാർക്ക്, ഗിഫ്റ്റ് ബോക്സ്, ഹോട്ട് എയർ ബലൂൺസ് എന്നിവയാണ് പ്രധാന ആകർഷണങ്ങൾ. ഇതിനു പുറമേ നടവഴികളും റോഡുകളും മരങ്ങളും വർണദീപങ്ങളാൽ അലങ്കരിക്കും.

## കൈത്തറി പ്രദർശന വിപണന മേള ഇന്നുമുതൽ

**കൊച്ചി:** എറണാകുളം ജില്ലാ വ്യവസായി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ക്രിസ്മസിനോട് അനുബന്ധിച്ച് ഡിസംബർ 20 മുതൽ 24 വരെ ഇടപ്പള്ളി മെട്രോ സ്റ്റേഷനിൽ കൈത്തറി പ്രദർശന വിപണന മേള സംഘടിപ്പിക്കുന്നു. മേളയിൽ ജില്ലയിലെ കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളുടെ വിവിധ ഉൽപ്പന്നങ്ങൾ 20 ശതമാനം റിബേറ്റിൽ ലഭിക്കുന്നതാണ്.

## സപ്ലൈകോ ക്രിസ്തുമസ് ന്യൂ ഇയർ ഫെയർ ഡിസംബർ 21 ന്

**കൊല്ലം:** ക്രിസ്തുമസ് ന്യൂ ഇയർ ആഘോഷത്തിന്റെ ഭാഗമായി സപ്ലൈകോ സംഘടിപ്പിക്കുന്ന ക്രിസ്തുമസ് ന്യൂ ഇയർ ഫെയർ ഡിസംബർ 21 ന് തുടങ്ങും.

സബ്സിഡി സാധനങ്ങൾക്ക് പുറമെ സബ്സിഡിയിതര സാധനങ്ങൾക്കും വിലക്കിഴിവുണ്ട്. രാവിലെ 11 ന് എം നൗഷാദ്, എം എൽ എ ഉദ്ഘാടനം ചെയ്യും. മേയർ പ്രസന്ന ഏണസ്റ്റ് അധ്യക്ഷയാകും.

എൻ കെ പ്രേമചന്ദ്രൻ, എം പി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഗോപൻ ഡെപ്യൂട്ടി മേയർ കൊല്ലം മധു, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീജ ഹരീഷ്, ഡിവിഷൻ കൗൺസിലർ എ കെ സവാദ് എന്നിവർ പങ്കെടുക്കും.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** കേരള ഹൈക്കോടതിയിലേക്ക് 50 സ്റ്റീൽ കമ്പ്യൂട്ടർ ടേബിളുകൾ വാങ്ങുന്നതിന് ടെൻഡർ ക്ഷണിച്ചു.

2024 ജനുവരി നാലിന് വൈകീട്ട് രണ്ട് വരെ ടെൻഡർ സമർപ്പിക്കാം. അന്നേ ദിവസം വൈകീട്ട് മൂന്നിന് ടെൻഡർ തുറക്കുന്നതാണ്. രജിസ്ട്രാർ ഹൈക്കോർട്ട് കേരള എറണാകുളം 682017 എന്ന വിലാസത്തിലാണ് ടെൻഡറുകൾ സമർപ്പിക്കേണ്ടത്.

## കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളജിൽ ഒഴിവുകൾ

**തിരുവനന്തപുരം:** കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളജിൽ ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി വകുപ്പിൽ പ്രൊഫസർ തസ്തികയിലും, അനാട്ടമി വകുപ്പിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലും സർജറി വകുപ്പിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലും ഓരോ ഒഴിവുകളിലേക്ക് (ആകെ 3 ഒഴിവുകൾ) റീ എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് ഗവ. / എയ്ഡഡ് ഹോമിയോപ്പതിക് മെഡിക്കൽ കോളജുകളിലെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും വിരമിച്ച സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി / നാഷണൽ കമ്മീഷൻ ഫോർ ഹോമിയോപ്പതി നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതയുള്ള അധ്യാപകരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

അപേക്ഷ ഡിസംബർ 30നു മുമ്പായി പ്രിൻസിപ്പാൾ ആൻഡ് കൺട്രോളിംഗ് ഓഫീസർ ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളജ്, തിരുവനന്തപുരം 695009 എന്ന മേൽവിലാസത്തിൽ അയക്കണം.



# കൊച്ചി അർബൻ ഒബ്സർവേറ്ററി ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചി അർബൻ ഒബ്സർവേറ്ററി ഏകദിന ശില്പശാല സംഘടിപ്പിച്ചു. അർബൻ ഒബ്സർവേറ്ററി തയ്യാറാക്കുന്നതിന്റെ ഭാഗമായിട്ടായിരുന്നു ശിൽപ്പശാല സംഘടിപ്പിച്ചത്. കൊച്ചി മേയർ അഡ്വ. എം. അനിൽകുമാർ അധ്യക്ഷത വഹിച്ചു. കൊച്ചി നഗരസഭ നഗരത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഒരു ഏകീകൃത ഡാറ്റ റെപ്പോസിറ്ററി സംവിധാനം രൂപീകരിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് ആവിഷ്കരിച്ച പദ്ധതിയാണ് കൊച്ചി അർബൻ ഒബ്സർവേറ്ററി . ജർമ്മൻ ഫെഡറൽ സാമ്പത്തിക സഹകരണ വികസന മന്ത്രാലയത്തിന്റെയുംജിഐഇസഡ് ഇന്ത്യയുടെയും ഡെലോയിറ്റ് ഇന്ത്യയുടെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. കൊച്ചി അർബൻ ഒബ്സർവേറ്ററി തയ്യാറാക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട ഘടകമായ സിറ്റി സ്കോപ്പ് ഡിവൈസ് ഇതിനകം തന്നെ നഗരത്തിന് ലഭ്യമായിട്ടുണ്ട്. ഉയർന്ന സംഭരണശേഷിയുള്ള കമ്പ്യൂട്ടറുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും പദ്ധതിയുടെ ഭാഗമായി ഒരുക്കേണ്ടതുണ്ട്. സി എസ് എം എൽ ന്റെ ഭാഗമായി തയ്യാറാക്കിയ ഐ സി ഫോറിന്റെ പ്രവർത്തനം കൂടി അർബൻ ഓഫ് ഒബ്സർവേറ്ററിയുടെ ഭാഗമാക്കേണ്ടതുണ്ട്. ഒബ്സർവേറ്ററി പ്രവർത്തന പദത്തിൽ എത്തിക്കുന്നതിനുള്ള ഒരു ദീർഘ കാല പദ്ധതിരേഖ രൂപപ്പെടുത്തുന്നതിനായി കൊച്ചി നഗരത്തിൽ വിവിധ മേഖലകളിലായി പ്രവർത്തിച്ചുവരുന്ന വിദഗ്ധരുടെ അഭിപ്രായങ്ങൾ കണ്ടെത്തുക എന്നതായിരുന്നു ശിൽപശാല ലക്ഷ്യം വച്ചത്.

അർബൻ അബ്സർവേറ്ററി പ്രവർത്തന പഥത്തിൽ എത്തുമ്പോൾ ഉണ്ടാവാൻ സാധ്യതയുള്ള പ്രശ്നങ്ങളും അതിനുള്ള പരിഹാരമാർഗങ്ങളും, അർബൻ അബ്സർവേറ്ററിയുടെ പ്രവർത്തനങ്ങൾ ലിംഗ ഭേദമന്യേയാക്കുന്നതിനുള്ള ആശയങ്ങളും ശില്പശാലയിൽ ചർച്ച ചെയ്തു. ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ കൊച്ചി അർബൻ ഒബ്സർവേറ്ററിയുടെ പ്രവർത്തന പദ്ധതിയിലും ഡാറ്റ ഗവേണൻസ് സ്ട്രാറ്റജിയിലും ഉൾപ്പെടുത്തും.

# ക്രിസ്തുമസ് പുതുവത്സര ആഘോഷങ്ങൾക്കൊരുങ്ങി ഒ ബൈ താമര

**തിരുവനന്തപുരം:** ഈ വർഷത്തെ ക്രിസ്തുമസ് പുതുവത്സരം ആഘോഷങ്ങൾക്കൊരുങ്ങി ഒ ബൈ താമര. രുചികരമായ ക്രിസ്തുമസ് ബ്രഞ്ചുകൾ, വിഭവ സമൃദ്ധമായ ഡിന്നറുകൾ എന്നിവയുൾപ്പെടെ രുചി വൈവിധ്യങ്ങളുടെ വലിയ നിരതന്നെ ഡിസംബർ 24 മുതൽ ഒരാഴ്ച നീളുന്ന ആഘോഷങ്ങളിൽ ഒ ബൈ താമര ഒരുക്കിയിരിക്കുന്നു.24ന് വൈകുന്നേരം 7 മണി മുതൽ ഒ കഫെയിലും പൂൾസൈഡിലുമായി സജ്ജമാക്കിയിരിക്കുന്ന ക്രിസ്തുമസ് ഈവ് ഡിന്നറോടു കൂടിയാണ് ആഘോഷങ്ങൾക്ക് തുടക്കമാകുക. ഇന്റർനാഷണൽ ബ്രഡ്സ്, ഡെസേർട്ടുകൾ എന്നിവയ്ക്കൊപ്പം ക്രാൻബറി സോസ്, ഓതന്റിക് റോസ്റ്റഡ് ടർക്കി, കേരള, ഇന്ത്യൻ രുചികളും ക്രിസ്തുമസ് ഈവ് ഡിന്നറിലുണ്ടാകുമെന്ന് അധികൃതർ വ്യക്തമാക്കി.ക്രിസ്തുമസ് ദിനത്തിൽ ലൈവ് ബാൻഡ് പെർഫോമൻസിനൊപ്പം ബ്രഞ്ച് ആസ്വദിക്കാം. ഇന്റർനാഷണൽ ബ്രഡുകളും ഡെസേർട്ടുകളും കൂടാതെ പരമ്പരാഗത സിറിയൻ രുചിഭേദങ്ങൾ, ലൈവ് സാലഡ്, സാൻഡ്വിച്ച്, പാസ്ത സ്റ്റേഷനുകൾ എന്നിവയും ബ്രഞ്ചിന്റെ ഭാഗമായുണ്ടാകും. വൈകുന്നേരം ലൈവ് ബാൻഡിനൊപ്പം കേരളത്തിലെ തനത് ക്രിസ്ത്യൻ രുചികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ക്രിസ്തുമസ് ഡിന്നറുമുണ്ടാകും. 6 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് കോംപ്ലിമെന്ററി മീലും ആഘോഷങ്ങൾക്ക് മാറ്റുകൂട്ടാൻ ക്രിസ്തുമസ് സമ്മാനങ്ങളും സാന്റയോടൊപ്പം നൃത്തം ചെയ്യാനുമുള്ള അവസരവുമുണ്ടെന്നും അധികൃതർ വ്യക്തമാക്കി.

ഡിസംബർ 26 മുതൽ ഡിസംബർ 30 വരെ ലൈവ് ഇൻസ്ട്രുമെന്റ് സംഗീതത്തിനൊപ്പമുള്ള തീമ്ഡ് ഡിന്നറുകളും ഒരുക്കിയിട്ടുണ്ട്. സീ ഫുഡ് ബാർബിക്യൂ ഡിന്നർ മുതൽ ഓറിയന്റൽ ഡിലൈറ്റുകൾ, തനത് സിറിയൻ രുചികൾ, മെഡിറ്ററേനിയൻ ഗ്രിൽസ്, മുഗൾ വിഭവങ്ങൾ എന്നിവ ഡിന്നറിൽ ലഭ്യമാകും. 26 മുതൽ എല്ലാ ദിവസവും വൈകുന്നേരം 7 മണി മുതൽ ഒ കഫേയിലാണ് ഡിന്നറൊരുക്കിയിരിക്കുന്നത്. ഡിസംബർ 31ന് ഒ കഫേയിലും ലോൺസിലുമായി ന്യൂ ഇയർ ഡിന്നർ ആരംഭിക്കും. വൈനുകൾ, ബിയറുകൾ, മോക് ടെയിലുകൾ ഉൾപ്പെടെ ലൈവ് കൗണ്ടറുകൾ അടക്കമുള്ള ബുഫേയാണ് ന്യൂ ഇയർ ഡിന്നറിനായി സജ്ജമാക്കിയിരിക്കുന്നത്. ലൈവ് ബാൻഡ്, എൽഇഡി ഡാൻസ് ഷോകൾ എന്നിവയ്ക്ക് പുറമേ കുട്ടികൾക്കായുള്ള വിനോദ പരിപാടികളും മറ്റ് ഫൺ ആക്ടിവിറ്റികളും അടക്കമുള്ള ഉത്സവാന്തരീക്ഷത്തിൽ 2024നെ സന്തോഷപൂർവ്വം സ്വാഗതം ചെയ്യുവാനുള്ള വേദിയാണ് ഒ ബൈ താമര ഒരുക്കുന്നത്. 12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് എല്ലാ ഇവന്റുകളിലും പ്രത്യേക ഇളവുകളും ലഭിക്കുമെന്നും അധികൃതർ വ്യക്തമാക്കി.

# റിലയൻസ് ഹെൽത്ത് ഗ്ലോബൽ പുറത്തിറക്കി

**കൊച്ചി:** ഇന്ത്യക്കാർക്ക് ആഗോള തലത്തിൽ ആരോഗ്യ ഇൻഷുറൻസ് ലഭ്യമാക്കുന്ന വിധത്തിൽ റിലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനി റിലയൻസ് ഹെൽത്ത് ഗ്ലോബൽ പുറത്തിറക്കി. ഇന്ത്യയ്ക്കകത്തും വിദേശത്തും പണ്യുദ്ധിമുട്ടില്ലാത്ത ലോകോത്തര ആരോഗ്യ സേവന സൗകര്യങ്ങൾ ഇതിലൂടെ ലഭ്യമാകുമെന്ന് റിലയൻസ് ജനറൽ ഇൻഷുറൻസ് സിഇഒ രാകേഷ് ജെയിൻ പറഞ്ഞു.സമഗ്ര കവറേജ്, ഉയർന്ന പരിരക്ഷാ തുക, അതിർത്തികൾ കടന്നുള്ള ആഗോള ചികിൽസ എന്നിവ ഇതിലൂടെ ലഭ്യമാകും. ആശുപതിയിലെ ചികിൽസയ്ക്കു പുറമെ യാത്ര, താമസം, സമ്പൂർണ വിസഅസിസ്റ്റൻസ് സേവനം, പാസ്പോർട്ട് നഷ്ടപ്പെട്ടാലുള്ള സേവനം, അടിയന്തര പണം തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ ഇന്ത്യക്കാർ ജോലിക്കും വിനോദത്തിനുമായി വിദേശത്തേക്കു പോകുന്ന സാഹചര്യത്തിൽ അവർ വിവിധ പോളിസികൾ എടുക്കേണ്ട സാഹചര്യം ഒഴിവാക്കാൻ ഇതു സഹായിക്കുമെന്ന് രാകേഷ് ജെയിൻ പറഞ്ഞു.




# സോളിന്റെ ഔദ്യോഗിക ടൈറ്റിൽ സ്പോൺസറായി ഐക്യൂ

**കൊച്ചി:** ഹൈ പെർഫോർമൻസ് സ്മാർട്ട്ഫോൺ ബ്രാൻഡ് ആയ ഐക്യൂ ഇന്ത്യയിലെ പ്രീമിയർ ഇസ്പോർട്ട്സ് ടീമായ സോളിന്റെ ടൈറ്റൽ സ്പോൺസറാകും. ആറു മാസത്തേക്കുള്ള ഈ ധാരണ പ്രഖ്യാപിച്ചതിനൊപ്പം ഐക്യൂ സോൾ ഔദ്യോഗിക ജേഴ്സിയുടെ പ്രകാശനവും നടത്തി.

സോൾ സഹ സ്ഥാപകനും സിഇഒയുമായ അനിമേഷ് അഗർവാളും ഐക്യൂ സിഇഒ നിപുൺ മാര്യയും ചേർന്നാണ് ഡൽഹിയിൽ ഈ പ്രഖ്യാപനം നടത്തിയത്. സ്വന്തമായ ടൂർണമെന്റുകൾ നടത്തുകയും ഒഫീഷ്യൽ ബിജ്മി ടൂർണമെന്റുകൾ സംഘടിപ്പിക്കുകയും ചെയ്തു കൊണ്ട് ഐക്യൂ ഇന്ത്യയിലെ ഇസ്പോർട്ട്സ് രംഗത്ത് വലിയ സംഭാവനകളാണ് ചെയ്തു വരുന്നത്. രാജ്യത്ത് ഇസ്പോർട്ട്സ് വളർത്താനുള്ള തങ്ങളുടെ പ്രതിബദ്ധത കൂടിയാണ് ഈ സ്പോൺസർഷിപ്പിലൂടെ വ്യക്തമാകുന്നതെന്ന് ഐക്യൂ സിഇഒ നിപുൺ മാര്യ പറഞ്ഞു.

# വിൻറർ സ്റ്റോറുമായി ആമസോൺ ഫാഷൻ



**തിരുവനന്തപുരം:** തണുപ്പുകാലത്ത് ചൂട് പകരുന്നതിനൊപ്പം ഫാഷനിലും ട്രെൻഡിലും സ്റ്റൈലിഷ് ആയി നിൽക്കാനായി വിൻറർ സ്റ്റോർ അവതരിപ്പിച്ച് ആമസോൺ ഫാഷൻ. തണുപ്പുകാലത്തിനു അനുയോജ്യമായ വസ്ത്രങ്ങൾക്കൊപ്പം ചർമ സംരക്ഷണത്തിനും പ്രാധാന്യം നൽകുന്നതാണ് വിൻറർ സ്റ്റോർ. ഹൂഡികൾ, സ്വെറ്റ് ഷർട്ടുകൾ, ജാക്കറ്റുകൾ, മഫ്ളറുകൾ, കയ്യുറകൾ, ബൂട്ടുകൾ എന്നിവയുടെ വിപുലമായ ശേഖരം ലഭ്യമാണ്. കൂടാതെ, വിൻറർ മോയിസ്ച്ചറൈസറുകളും മറ്റും കൊണ്ട് ചർമ്മത്തിന് സംരക്ഷണവും നേടാം.

ലെവീസ്, മാർക്ക്സ് & സ്പെൻസർ, അലൻ സോളി, വെറോ മോഡ, മോച്ചി, ക്ലാർക്ക്സ്, മെട്രോ, നിവ്യ, പോണ്ട്സ് എന്നിവ ഉൾപ്പെടെ 40 ലക്ഷത്തിലധികം സ്റ്റൈലുകളുടെയും 1200ലധികം മികച്ച ബ്രാൻഡുകളുടെയും വിപുലമായ കളക്ഷൻ വിൻറർ സ്റ്റോറിൽ ഒരുക്കിയിട്ടുണ്ട്.

# എയർ ഏഷ്യ പ്രത്യേക പ്രൊമോഷണൽ നിരക്കുകൾ പ്രഖ്യാപിച്ചു

**കൊച്ചി:** എയർ ഏഷ്യ തങ്ങളുടെ നെറ്റ് വർക്കിലെ എല്ലാ ദക്ഷിണേന്ത്യൻ റൂട്ടുകളിൽ നിന്നും കാലാലംപൂരിലേക്ക് പ്രത്യേക പ്രൊമോഷണൽ നിരക്കുകൾ പ്രഖ്യാപിച്ചു. ഇന്ത്യക്കാർക്കായി മലേഷ്യൻ സർക്കാർ പ്രഖ്യാപിച്ച വിസരഹിത യാത്രയുടെ പ്രയോജനം പരമാവധി യാത്രക്കാർക്ക് ലഭിക്കുന്നതിനായാണ് ഈ പ്രഖ്യാപനം.

ഇപ്പോൾ മുതൽ 2024 ഡിസംബർ 24 വരെ എയർഏഷ്യയുടെ സൂപ്പർ ആപ്പ് അല്ലെങ്കിൽ വെബ്സൈറ്റ് വഴി പ്രത്യേക പ്രമോഷണൽ നിരക്കിൽ ഫ്ലൈറ്റുകൾ ബുക്ക് ചെയ്യാം. ചെന്നൈ, തിരുച്ചിറപ്പള്ളി, കൊച്ചി, ഹൈദരാബാദ്, ബംഗളൂരു, കൊൽക്കത്ത എന്നിവിടങ്ങളിൽ നിന്ന് കോലാലംപൂരിലേക്ക് നികുതി, ഇന്ധന സർചാർജ്, മറ്റ് പ്രസക്തമായ ഫീസ് എന്നിവ ഉൾപ്പെടെയുള്ള 4,999* രൂപ എന്ന നിരക്കിലാണ് പ്രത്യേക്ക് പ്രൊമോഷണൽ നിരക്കുകൾ.

കൂടാതെ ഫെബ്രുവരിയിൽ പുതുതായി ആരംഭിക്കുന്ന തിരുവനന്തപുരം ക്വാലാലംപൂർ വിമാന സർവീസിനും ഈ ഓഫർ ബാധകമായിരിക്കും.ചെന്നൈ, തിരുച്ചിറപ്പള്ളി, കൊച്ചി, ഹൈദരാബാദ്, ബംഗളൂരു, കൊൽക്കത്ത, ന്യൂഡൽഹി, അമൃതസർ എന്നിവിടങ്ങളിൽ ഹ്രസ്വദൂര, ഇടത്തരം വിമാന കമ്പനികൾ വഴി ഇന്ത്യയിൽ നിന്ന് മലേഷ്യയിലേക്ക് നേരിട്ട് എട്ട് സർവീസ് നടത്തുന്ന ശക്തമായ ശൃംഖലയാണ് എയർഏഷ്യ നടത്തുന്നത്.

പുതുവർഷത്തിൽ ഇന്ത്യയ്ക്കും മലേഷ്യക്കും ഇടയിൽ പ്രതിവർഷം 1.5 ദശലക്ഷം സീറ്റുകൾ വരെ ഉൾക്കൊള്ളുന്ന 69 പ്രതിവാര ഫ്ലൈറ്റുകൾ പുതുതായി ആരംഭിക്കുവാനും എയർ ഏഷ്യ പദ്ധതിയിടുന്നു.

ഇപ്പോൾ മുതൽ 24 ഡിസംബർ 2024 വരെ ബുക്ക് ചെയ്യുന്ന യാത്രികർക്ക് ഇപ്പോൾ മുതൽ 30 സെപ്റ്റംബർ 2024 വരെയും 21 ഫെബ്രുവരി 2024 30 മാർച്ച് 2025 വരെയും യാത്ര ചെയ്യാവുന്നതാണെന്ന് അധികൃതർ വ്യക്തമാക്കി.

## ബാങ്ക് ഓഫ് മഹാരാഷ്ട്ര ഹിന്ദി ദിനാചരണം

**കൊച്ചി:** രാജ്യത്തെ പ്രമുഖ പൊതുമേഖലാ ബാങ്കായ ബാങ്ക് ഓഫ് മഹാരാഷ്ട്ര, ഹിന്ദി ദിവസ് സംഘടിപ്പിച്ചു. ബാങ്ക് ഓഫ് മഹാരാഷ്ട്ര മാനേജിംഗ് ഡയറക്ടറും സിഇഒയുമായ എ. എസ് രാജീവ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ചലച്ചിത്രടിവി താരം ആര്യ ശർമ്മ ചടങ്ങിൽ മുഖ്യാതിഥിയായി. എക്സിക്യൂട്ടീവ് ഡയറക്ടർ ആശിഷ് പാണ്ഡെ, എക്സിക്യൂട്ടീവ് ഡയറക്ടർ രോഹിത് ഋഷി,ചീഫ് വിജിലൻസ് ഓഫീസർ അമിത് ശ്രീവാസ്തവ എന്നിവരും ബാങ്ക് ജീവനക്കാരും പങ്കെടുത്തു.ജനറൽ മാനേജർ കെ. രാജേഷ് കുമാർ സ്വാഗതം പറഞ്ഞു. ബാങ്കിന്റെ ഇമാസികയുടെ വാർഷിക സമാഹാരം മഹാബാങ്ക് സംവാദ് സരിത വേദിയിൽ സന്നിഹിതരായ പ്രമുഖർ പ്രകാശനം ചെയ്തു. അഖിലേന്ത്യാ തലത്തിൽ സംഘടിപ്പിച്ച വിവിധ ഹിന്ദി മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു. ആഭ്യന്തരമന്ത്രി, ധനകാര്യ സഹമന്ത്രി എന്നിവരുടെ സന്ദേശം വായിച്ചു.വ്യക്തിഗത സ്പർശനത്തോടെ ഗുണമേന്മയുള്ള ഉപഭോക്തൃ സേവനം നൽകുന്നതിൽ ഹിന്ദി, പ്രാദേശിക ഭാഷകൾക്കുള്ള സുപ്രധാന പങ്ക് എംഡിയും സിഇഒയുമായ എ എസ് രാജീവ്എടുത്തുപറഞ്ഞു.ബാങ്കിന്റെ സ്കീമിനൊപ്പം പൊതുജനങ്ങളിലേക്ക് എത്തിച്ചേരാനുള്ള ഏറ്റവും നല്ല മാധ്യമമാണ് ഹിന്ദി ഭാഷയെന്നും രാജീവ് കൂട്ടിച്ചേർത്തു. സോണൽ മാനേജർ രാഹുൽ വാഗ്മാരെ നന്ദി പറഞ്ഞു.




# കെ എം എ സ്കോളർഷിപ്പുകൾ വിതരണം ചെയ്തു

**കൊച്ചി:** ഫീസ് ഉൾപ്പെടെയുള്ള പഠന ആവശ്യങ്ങൾക്ക് സാമ്പത്തിക സഹായം ആവശ്യമുള്ള വിദ്യാർഥികൾക്ക് കേരള മാനേജ്മെന്റ് അസോസിയേഷൻ (കെ എം എ) 2019 മുതൽ നൽകിവരുന്ന സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. ഒട്ടേറെ അപേക്ഷകളാണ് ഇത്തവണയും ലഭിച്ചത്.

ഇതിൽ നിന്ന് തെരഞ്ഞെടുത്ത 40 വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പ് നൽകിയത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും എന്നാൽ പഠനത്തിൽ മുന്നോക്കം നിൽക്കുന്നവർക്കുമാണ് സ്കോളർഷിപ്പ് നൽകിയത്. കെ എം എ യുടെ സ്കോളർഷിപ്പ് അവാർഡ് ജൂറിയാണ് അർഹരായവരെ തെരഞ്ഞെടുത്തത്. ബിരുദ, ബിരുദാനന്തര വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പ് നൽകിയത്.ഫാക്ട് സിഎംഡി കിഷോർ റുങ്ത മുഖ്യാതിഥിയായിരുന്നു.

വിദ്യാർഥികൾക്ക് പ്രോത്സാഹനം നൽകുന്ന കെ എം എ പ്രവർത്തനം പ്രശംസനീയമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഫാക്ട് സി എ സ് ആർ പ്രവർത്തനങ്ങളുടെ ഭാഗമായി കെ എം എ യുമായി ചേർന്ന് കൂടുതൽ പദ്ധതികൾ നടപ്പാക്കുമെന്ന് അദ്ദേഹം പറഞ്ഞു.

വിദ്യാഭ്യാസ കാര്യത്തിൽ കൂടുതൽ സഹായങ്ങൾ ആവശ്യമെങ്കിൽ നൽകാൻ ഫാക്ട് തയാറാണെന്നും അദ്ദേഹം പറഞ്ഞു.കെ എം എ പ്രസിഡന്റ് എ. ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ദീപക് അസ്വാനി, ദിലീപ് നാരായണൻ എന്നിവർ സംസാരിച്ചു.സ്കോളർഷിപ്പ് പദ്ധതിക്ക് ലഭിക്കുന്ന ഫണ്ടിന്റേയും സംഭാവനയുടേയും ലഭ്യതയുമായി ബന്ധപ്പെട്ട് ഈ വർഷത്തെ പ്രവർത്തനം വിലയിരുത്തി കെ എം എയുടെ സി എസ് ആർ സംരംഭമായി തുടർ വർഷങ്ങളിലും നടപ്പാക്കും. അതോടൊപ്പം കെ എം എ കോർപറേറ്റ് അംഗങ്ങൾ സി എ സ് ആറിലൂടേയും മറ്റ് ചാരിറ്റബിൾ അലോക്കേഷനുകളിലൂടെയും പദ്ധതിയിലേക്ക് സംഭാവന നല്കിയും പങ്കാളികളാകും.




## നാഗേഷ് ട്രോഫിയിൽ കേരളത്തിനു തോൽവി; യുപി ക്കു ജയം

**കൊച്ചി:** കാഴ്ച പരിമിതരുടെ നാഗേഷ് ട്രോഫി ദേശീയ ക്രിക്കറ്റ് ടൂർണമെന്റ് ഗ്രൂപ്പ് സിയിൽ കേരളത്തിനു തോൽവി. രണ്ടാം മത്സരത്തിൽ ഒഡീഷയോട് 56 റൺസിന് തോറ്റു. മറ്റൊരു മത്സരത്തിൽ ജാർഖണ്ഡിനെ ഉത്തർ പ്രദേശ് പത്തുവിക്കറ്റിനു തോൽപ്പിച്ചു.കരുത്തരായ ഒഡീഷ കേരളത്തിനെതിരെ ആറ് വിക്കറ്റിന് 177 റൺസാണ് നേടിയത്. കേരളം 121 റൺസിനു പുറത്തായി. ഒഡീഷയ്ക്കുവേണ്ടി സുഖ്റാം മജ്ഹി 30 പന്തിൽ 56ഉം ജാഫർ ഇക്ബാൽ 30 പന്തിൽ 48ഉം റൺസ് നേടി.

ദേബ് രാജ് ബെഹ്റയും സുഖ്റാം മജ്ഹിയും അനിൽ മാലിക്കും രണ്ടു വീതം വിക്കറ്റ് വീഴ്ത്തി. ആൾറൗണ്ട് പെർഫോമൻസ് നടത്തിയ സുഖ്റാം മജ്ഹി കളിയിലെ താരമായി.ഉത്തർപ്രദേശിനെതിരെ ആദ്യം ബാറ്റു ചെയ്ത ജാർഖണ്ഡ് എട്ടു വിക്കറ്റിന് 118 റൺസാണ് നേടിയത്. 12.1 ഓവറിൽ വിക്കറ്റ് നഷ്ടം കൂടാതെ ഉത്തർപ്രദേശ് ലക്ഷ്യം കണ്ടെത്തുകയായിരുന്നു. 41 പന്തിൽ 53 റൺസ് നേടിയ ചന്ദൻ കുമാറും 36 പന്തിൽ 49 റൺസ് നേടിയ ബാലമുകുന്ദും മികച്ച പ്രകടനം ഉത്തർപ്രദേശിനുവേണ്ടി നടത്തി. ചന്ദൻ കുമാറാണ് മാൻ ഓഫ് ദി മാച്ച്. ഗ്രൂപ്പിൽ തുടരെ രണ്ടാമത്തെ തോൽവിയാണ് ജാർഖണ്ഡിന്റേത്.ടൂർണമെന്റിൽ മുഖ്യാതിഥിയായി കെഎംആർഎൽ എംഡി ലോക്നാഥ് ബെഹ്റ പങ്കെടുത്തു.

# ആരോഗ്യസംരക്ഷണത്തിൽ ക്ലിനിക്കൽ ഡിസിഷൻ സപ്പോർട്ട് സിസ്റ്റങ്ങളുടെ പങ്ക് നിർണായകം

**തിരുവനന്തപുരം:** രോഗികളുടെ സുരക്ഷയും ചികിത്സാമികവും മെച്ചപ്പെടുത്തുന്നതിൽ ക്ലിനിക്കൽ ഡിസിഷൻ സപ്പോർട്ട് സിസ്റ്റങ്ങളുടെ (സിഡിഎസ്എസ്) പങ്ക് നിർണായകമെന്ന് തിരുവനന്തപുരത്തു നടന്ന ആരോഗ്യപ്രവർത്തകരുടേയും പ്രൊഫഷണലുകളുടേയും സമ്മേളനം വ്യക്തമാക്കി.

വോൾട്ടേഴ്സ് ക്ലൂവർ സംഘടിപ്പിച്ച സമ്മേളനത്തിൽ വോൾട്ടേഴ്സ് ക്ലൂവർ കൺട്രി ഹെഡ് ഹരീഷ് രാമചന്ദ്രൻ, കൺട്രി, തിരുവനന്തപുരം മെഡിക്കൽ കോളേജ് പകർച്ചവ്യാധി വിഭാഗം തലവൻ ഡോ. അരവിന്ദ് ആർ., കിംസ് ഹെൽത്ത്കെയർ സ്ഥാപക ചെയർമാനും എംഡിയുമായ ഡോ. എം ഐ സഹദുള്ള, അനന്തപുരി ഹോസ്പിറ്റൽസ് ഡയറക്ടർ കെ. കമല, ലൈഫ്ലൈൻ സൂപ്പർസ്പെഷ്യാലിറ്റി ഹോസ്പിറ്റൽ സിഇഒ ഡോ. ജോർജ് ചക്കച്ചേരി, കൊല്ലം അസീസിയ മെഡിക്കൽ കോളേജ് മെഡിക്കൽ സൂപ്രണ്ട് ഡോ. എ സന്തോഷ് കുമാർ തുടങ്ങി 20ലേറെപ്പേർ പങ്കെടുത്തു.

ഫലപ്രദമായ ക്ലിനിക്കൽ പ്രാക്ടീസ് നടത്താൻ ക്ലിനിഷ്യന്മാരെയും ആശുപത്രികളെയും സഹായിക്കുന്നതാണ് ക്ലിനിക്കൽ ഫലപ്രാപ്തിയെന്നും ആരോഗ്യ സംരക്ഷണരംഗത്തെ വിവിധ മേഖലകൾ സമന്വയിപ്പിക്കുന്നതിൽ സിഡിഎസ്എസിനു നിർണായകപങ്കാണുള്ളതെന്ന് വോൾട്ടേഴ്സ് ക്ലൂവർ കൺട്രി ഹെഡ് ഹരീഷ് രാമചന്ദ്രൻ പറഞ്ഞു.

ഇത് അത്യാഹിത വിഭാഗത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു, വേഗത്തിലുള്ളതും അറിവോടെയുള്ളതുമായ തീരുമാനമെടുക്കലിനെ പിന്തുണയ്ക്കുന്നു. രാജ്യമെമ്പാടുമുള്ള ക്ലിനിഷ്യൻമാരുടെ ഫലപ്രാപ്തി വർദ്ധിപ്പിക്കുന്നതിൽ സിഡിഎസ്എസ് മികവു തെളിയിച്ചിട്ടുണ്ടെന്ന് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് (എഎച്ച്പിഐ) ഇന്ത്യ ഡയറക്ടർ ജനറൽ പഡോ. ഗിർധർ ഗ്യാനി പറഞ്ഞു.



# അപൂർവ്വ ശസ്ത്രക്രിയാ നേട്ടവുമായി ആസ്റ്റർ മിംസ് കോഴിക്കോട്



**കോഴിക്കോട്:** പൂർണമായും ത്രീഡി താക്കോൽ ദ്വാര ശസ്ത്രക്രിയയിലൂടെ മഹാധമനിയിലേക്ക് വളർന്നു വന്ന വൃക്കയിലെ മുഴ നീക്കം ചെയ്ത് കോഴിക്കോട് ആസ്റ്റർ മിംസ്. കോഴിക്കോട് സ്വദേശിയായ 57 കാരന്റെ വൃക്കയിൽ വളർന്നിരുന്ന ആറ് സെന്റിമീറ്ററോളം വലിപ്പമുള്ള മുഴയാണ് വിദഗ്ധ മെഡിക്കൽ സംഘത്തിന്റെ നേതൃത്വത്തിൽ അപൂർവ്വ ശസ്ത്രകിയയിലൂടെ നീക്കം ചെയ്തത്.

മൂത്രത്തിലൂടെ രക്തം പോകുന്ന സാഹചര്യത്തിലായിരുന്നു കോഴിക്കോട് കൊയിലാണ്ടി സ്വദേശിയായ വി. സുരേഷ് ആസ്റ്റർ മിംസിലെ അത്യാഹിത വിഭാഗത്തിൽ ചികിത്സ തേടിയത്. തുടർന്ന് യൂറോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ആർ. സുർദാസിന്റെ നിർദ്ദേശപ്രകാരം സ്കാൻ ചെയ്തപ്പോഴാണ് വലതു വശത്തെ വൃക്കയിൽ മുഴ കണ്ടെത്തിയത്. കുറേയധികം രക്തക്കുഴലുകളിലൂടെ മുഴയിലേക്ക് രക്തചംക്രമണം നടക്കുന്നതും, ശരീരത്തിലെ ഏറ്റവും വലിയ ധമനിയായ ഇൻഫീരിയർ വീനക്കാവയിലേക്കും ഡയഫ്രം, കരൾ എന്നിവിടങ്ങളിലേക്കുമായി ഒൻപത് സെന്റിമീറ്ററോളം നീളത്തിൽ മുഴ (ട്യൂമർ ത്രോംബസ്) വളർന്നിരുന്നു എന്നതും ഏറ്റവും ഗുരുതരമായ സാഹചര്യമായിരുന്നു. കരളിലേക്കും മറ്റ് പ്രധാന ആന്തരിക അവയങ്ങളിലേക്കും രക്തമെത്തിക്കുന്ന പ്രധാന ധമനി ആയതിനാൽ അതി സങ്കീർണമാണ് ഈ ശസ്ത്രക്രിയ.

എന്നാൽ ത്രീ ഡി സാങ്കേതിക വിദ്യയുടെ സഹായത്താൽ പൂർണമായും താക്കോൽദ്വാര ശസ്ത്രക്രിയ വഴി ഇപ്രകാരമുള്ള മുഴ നീക്കം ചെയ്തതായി ലോകത്തെവിടെയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.ശസ്ത്രക്രിയക്ക് മുന്നോടിയായുള്ള ആദ്യ വെല്ലുവിളി മുഴയിലേക്കുള്ള രക്തയോട്ടം കുറക്കുക എന്നതായിരുന്നു. ഇതിനായി ഇന്റർവെൻഷണൽ റേഡിയോളജിസ്റ്റിന്റെ സഹായത്തോടെ ഓപ്പറേഷൻ ദിവസം ആൻജിയോ എമ്പോളിസഷൻ ചെയ്ത ശേഷമാണു താക്കോൽ ദ്വാര ശസ്ത്രക്രിയയിലൂടെ മുഴ പൂർണമായും എടുത്ത് മാറ്റിയത്.മറ്റൊരു പ്രധാന വെല്ലുവിളി മഹാധമനിയിലുള്ള മുഴ നീക്കം ചെയ്യുന്നതിന്റെ ഭാഗമായി കരളിന്റെ വലതുഭാഗം മഹാധമനിയിൽനിന്നും സ്വതന്ത്രമാകുകയും തുടർന്ന് കരളിൻറെ മേൽഭാഗത്തുള്ള മഹാധമനിയുടെ നിയന്ത്രണം എടുക്കുക എന്നുള്ളതായിരുന്നു. അതീവ സങ്കീർണമായ ഈ ഒരു പ്രക്രിയ ഗ്യാസ്ട്രോസർജന്റെ സഹായത്താൽ പൂർണമായും താക്കോൽ ദ്വാരത്തിലൂടെ തന്നെ ചെയ്യാൻ സാധിച്ചു.

ത്രീഡി സാങ്കേതികവിദ്യയുടെ സഹായത്തോടെ അതും തരണം ചെയ്യാൻ സാധിച്ചുവെന്നത് വിജയകരമായി ചികിത്സ പൂർത്തിയാക്കാൻ സഹായിച്ചു. പൂർണമായും താക്കോൽ ദ്വാര ശസ്ത്രക്രിയ ആയതിനാൽ വളരെ വേഗം ആരോഗ്യം വീണ്ടെടുത്ത സുരേഷിന് മൂന്നാം ദിവസം ആശുപത്രി വിടാൻ കഴിഞ്ഞു.

ഡോ. സുർദാസിന് പുറമേ ആസ്റ്റർ മിംസിലെ ഇന്റർവെൻഷനൽ റേഡിയോളജി വിഭാഗം തലവൻ ഡോ. കെ. ജി. രാമകൃഷ്ണൻ, സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. എം. നൗഷിഫ്, യൂറോളജി വിഭാഗം സീനിയർ കൺസൾട്ടന്റുമാരായ ഡോ. കെ രവികുമാർ, ഡോ. അഭയ് ആനന്ദ്, സീനിയർ സ്പെഷലിസ്റ് ഡോ. അൽഫോൺസ് ഫിലിപ്പ്, ഡോ ശിവകുമാർ,ഡോ. സനൂപ്, ഡോ. അനൂജ, അനസ്തേഷ്യോളജി വിഭാഗം തലവൻ ഡോ. കിഷോർ കണിയഞ്ചാലിൽ, കൺസൾട്ടന്റുമാരായ ഡോ. നമിത മഞ്ചക്കൽ, ഡോ. ഷംജാദ് , ഡോ. ഡെന്നിസ് സ്റ്റാഫ് നേഴ്സ് ദീപ്ന, ജിതിൻ, നോയൽ എന്നിവരായിരുന്നു ശസ്ത്രക്രിയയിൽ പങ്കുവഹിച്ചത്.

# എച്ച്ഡിഎഫ്സിയുടെ ക്ലൗഡ് പങ്കാളിയായി ആമസോൺ

**കൊച്ചി:** എച്ച്ഡിഎഫ്സി സെക്യൂരിറ്റീസ് പുതിയ മൊബൈൽ ട്രേഡിങ് ആപ് ആയ എച്ച്ഡിഎഫ്സി സ്കൈ പുറത്തിറക്കി.

ലോകത്തെ ഏറ്റവും സ്വീകാര്യമായ ക്ലൗഡ് ആയ ആമസോൺ വെബ് സർവിസസ് ഉപയോഗിച്ചാണ് (എഡബ്ല്യൂഎസ്) എച്ച്ഡിഎഫ്സി സ്കൈ പ്രവർത്തിക്കുക. എച്ച്ഡിഎഫ്സി ഗ്രൂപ്പിന്റെ വിവിധ കമ്പനികൾ, നിക്ഷേപകർ, വ്യാപാരികൾ, ഉത്പന്നങ്ങൾ, കറൻസികൽ, ഐപിഒകൾ, മ്യൂചൽ ഫണ്ടുകൾ, ഇടിഎഫുകൾ ഉൽപ്പടെ 7.5 കോടി ഉപഭോക്താക്കളിലേക്കാണ് എച്ച്ഡിഎഫ്സി സ്കൈ എത്തുക.

വ്യാപാരം കൂടുതൽ സുതാര്യവും ഉപയോഗ സൗഹൃദവുമാക്കുന്നതിന് ഫ്ളാറ്റ് പ്രൈസിങ് മോഡലാണ് എച്ച്ഡിഎഫ്സി സ്വീകരിച്ചിരിക്കുന്നത്. എഡബ്ല്യൂഎസിന്റെ സഹായത്തോടെ സുതാര്യവും സ്ഥിരവും  കാലതാസമം കുറഞ്ഞതുമായ സേവനമാണ് എച്ച്ഡിഎഫ്സി സെക്യൂരിറ്റീസ് വാഗ്ദാനം ചെയ്യുന്നത്. സെക്കൻഡിനകം ഓഹരി വിപണിയിൽ ആയിരക്കണക്കിന് ഇടപാടുകളാണ് എച്ച്ഡിഎഫ്സി സ്കൈ സാധ്യമാക്കുന്നത്. കമ്പനിയുടെ വാർഷിക ഐടി അടിസ്ഥാന സൗകര്യത്തിന്റെയും കൈകാര്യത്തിന്റെയും ചെലവ് 50 ശതമാനം കുറയ്ക്കുന്നു എന്ന പ്രത്യേകതയും എഡബ്ല്യൂഎസിനുണ്ട്.




# ബോഡി കെയർ കളക്ഷൻ അവതരിപ്പിച്ച് ദി ബോഡി ഷോപ്പ്



**കൊച്ചി:** ക്രിസ്മസ് ലിമിറ്റഡ് എഡിഷൻ പുതിയ രണ്ട് ഉൽപ്പന്നങ്ങൾ അവതരിപ്പിച്ച് ബ്രിട്ടൻ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര പേഴ്സണൽ കെയർ ബ്രാൻഡായ ദി ബോഡി ഷോപ്പ്. ചെറീസ് & ചിയർ, പെയേഴ്സ് & ഷെയർ എന്നീ വേരിയറ്റുകളാണ് ശേഖരത്തിലുള്ളത് റീസൈക്കിൾ ചെയ്യാവുന്ന പായ്ക്കിൽ ലഭ്യമായ ഈ ഉൽപ്പന്നങ്ങൾ രണ്ടും തന്നെ വീഗൻ സർട്ടിഫൈഡാണ്. 4275 രൂപയുടെ ദി ബോഡി ഷോപ്പിന്റെ ലിമിറ്റഡ് എഡിഷൻ ചെറീസ് & ചിയർ സെറ്റിൽ ഷവർ ജെൽ, ബോഡി ബട്ടർ, ബോഡി ഓയിൽ, ഹാൻഡ് ബാം, ലിപ് ബാം, ബോഡി മിസ്റ്റ് തുടങ്ങിയവയാണ് ഉൾപ്പെടുന്നത്. ബോഡി സ്ക്രബ്, ബോഡി യോഗർട്ട് ആന്റ് ബോഡി ബട്ടർ, ഹാൻഡ് ക്രീം, ലിപ് സ്ക്രബ്, ഒരു സുഗന്ധ മിസ്റ്റ് എന്നിവ ഉൾപ്പെടുന്ന ലിമിറ്റഡ് എഡിഷൻ പെയേഴ്സ് & ഷെയർ കളക്ഷന്റെ ഒരു സെറ്റിന്റെ വില 6120 രൂപയുമാണ്. ക്രിസ്മസ് സമ്മാനം നൽകാനാവുന്ന തരത്തിൽ ഗിഫ്റ്റ് സെറ്റുകളും കമ്പനി ഒരുക്കിയിട്ടുണ്ട്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com